VOL NO: 06 I ISSUE 45
www.nerpatham.com
mail@nerpatham.com
2022 NOVEMBER 05 I ₹10

# നേർപഥം

വാരിക



## ലഹരി;
## ഇതാണ്
## മോചനത്തിന്റെ നേർവഴി

മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ
വർധനവ് ഭൂമിശാസ്ത്രപരമായ
അതിർവരമ്പുകൾ മാറ്റിവരയ്ക്കുന്നുവെന്നും
അസമത്വത്തിന് വളംവയ്ക്കുന്നുവെന്നുമുള്ള
സംഘ്പരിവാർ ആക്ഷേപത്തിന്
പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.
ആശയപരമായും കണക്കുകളുടെ
പിൻബലത്തിലും തെറ്റാണെന്ന്
തെളിയിക്കുന്ന ഈ ആരോപണത്തിന്റെ
നിജസ്ഥിതി പരിശോധിക്കുന്നു.

# ജനസംഖ്യാനിയന്ത്രണം: ആശങ്കയും രാഷ്ട്രീയവും

|| സഹനത്തിന്റെ അനിവാര്യത

|| തിരുത്തപ്പെടേണ്ട ദുഷ്ചിന്തകൾ

|| ചേലാകർമത്തിന്റെ ശാസ്ത്രീയതയും ഗുണഫലങ്ങളും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0302

നേർപഥം

വാരിക

2022 നവംബർ 05
1444 റബീഉൽ ആഖിർ 10
പുസ്തകം 06 / ലക്കം 45






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose


Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly


കവർ സ്റ്റോറി **10**

**ജനസംഖ്യാനിയന്ത്രണം: ആശങ്കയും രാഷ്ട്രീയവും**
മുജീബ് ഒട്ടുമ്മൽ

**05**
മുഖമൊഴി
തിരുത്തപ്പെടേണ്ട ദുഷ്ചിന്തകൾ

**06**
പാരൻറിംഗ്
വൈകാരിക വളർച്ചയിലെ വിളകളും കളകളും
അശ്റഫ് എകരൂൽ

**18**
ലേഖനം
സഹനത്തിന്റെ അനിവാര്യത
ഹുസൈൻ സലഫി

**25**
ഗാനം
സൽപന്ഥാവ്
ഉസ്മാൻ പാലക്കാഴി

**26**
ലേഖനം
ലഹരി; ഇതാണ് മോചനത്തിന്റെ നേർവഴി
ശരീഫ് കാര

**29**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**32**
ലേഖനം
ചേലാകർമത്തിന്റെ ശാസ്ത്രീയതയും ഗുണഫലങ്ങളും
ജൗസൽ സി.പി

**34**
കവിത
വൃദ്ധസദനം
തെസ്ന വീരാൻ

# 'സ്ത്രീ സുരക്ഷയ്ക്ക് സ്രഷ്ടാവിന്റെ സന്ദേശം' വയനാട് ജില്ല വനിത സമ്മേളനം ശ്രദ്ധേയമായി

സുൽത്താൻബത്തേരി: 'സ്ത്രീസുരക്ഷയ്ക്ക് സ്രഷ്ടാവിന്റെ സന്ദേശം' എന്ന പ്രമേയത്തിൽ വിസ്ഡം വിമൺസ് ഓർഗനൈസേഷൻ സംഘടിപ്പിച്ച വയനാട് ജില്ല വനിത സമ്മേളനം വമ്പിച്ച സ്ത്രീസാന്നിധ്യം കൊണ്ടും പ്രൗഢഗംഭീരമായ പ്രഭാഷണങ്ങൾകൊണ്ടും ഏറെ ശ്രദ്ധയാകർഷിച്ചു. ജില്ലാ സെക്രട്ടറി സുമയ്യ പിണങ്ങോടിന്റെ സ്വാഗത ഭാഷണത്തോടെ ആരംഭിച്ച സമ്മേളനം, ജില്ലാ പ്രസിഡന്റ് ആബിദ കാക്കവയൽ ഉദ്ഘാടനം ചെയ്തു.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞു നിൽക്കുന്ന വയനാടിന്റെ മലമടക്കുകളിൽനിന്ന് സ്ത്രീ സമൂഹത്തെ ഈ സമ്മേളനത്തിലേക്ക് എത്തിക്കുക എന്നത് ജില്ലയിലെ വനിത പ്രവർത്തകരെ സംബന്ധിച്ചിടത്തോളം വല്ലാത്ത ആശങ്കയുള്ളതായിരുന്നു. സമ്മേളനത്തിന്റെ പ്രചാരണം ഏതുരീതിയിൽ ക്രമപ്പെടുത്തണമെന്നും ചിട്ടപ്പെടുത്തണമെന്നുമുള്ള ഉപദേശനിർദേശങ്ങൾ വിസ്ഡം ഓർഗനൈസേഷൻ ഭാരവാഹികളും വിസ്ഡം യൂത്ത് വാഹികളും കാര്യക്ഷമമായി ഇടപെട്ട് വനിതാ വിംഗിന് നൽകുകയും അതുപ്രകാരം അവർ നീങ്ങുകയും ചെയ്തു.

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം കൊണ്ട് ഒക്ടോബർ 23 ഞായറാഴ്ച സുൽത്താൻബത്തേരിയുടെ ഹൃദയഭാഗത്തുള്ള കമ്യൂണിറ്റി ഹാളിലേക്ക് ആയിരങ്ങളാണ് സ്രഷ്ടാവിന്റെ സന്ദേശം കേൾക്കാൻ ഒഴുകിയെത്തിയത്. ജില്ലയിലെ വനിതാ പ്രബോധകരെ സംബന്ധിച്ചിടത്തോളം ഈ സമ്മേളനം മുന്നോട്ടുള്ള പ്രബോധന വീഥിയിലേക്കുള്ള ഊർജവും ആവേശവും ആയിരുന്നു. സമ്മേളനത്തിൽ പങ്കെടുത്ത വലിയൊരു ശതമാനം ആളുകളും സമസ്തയുടെ ആദർശത്തിൽ ഉള്ളവരായിരുന്നു എന്നുള്ളതാണ് സമ്മേളനത്തിന്റെ ഏറ്റവും വലിയ വിജയമായി പ്രവർത്തകർ കാണുന്നത്.

കൗമാരക്കാരായ വിദ്യാർഥിനികളെകൂടി ലക്ഷ്യം വെച്ചുകൊണ്ട് നടത്തിയ ഈ പ്രോഗ്രാം, വമ്പിച്ച വിദ്യാർഥിനി പ്രാതിനിധ്യംകൊണ്ടും ശ്രദ്ധേയമായി.

സദസ്സിന്റെ അച്ചടക്കം നിലനിർത്തുവാനും സഹോദരിമാർക്ക് നല്ല രീതിയിൽ പ്രഭാഷണങ്ങൾ വീക്ഷിക്കുവാനും അതോടൊപ്പം കുട്ടികൾക്ക് മതബോധം പകർന്നുനൽകാനുമായി നാല് വയസ്സുമുതൽ 12 വയസ്സുവരെയുള്ള കുരുന്നുകളെ ഉൾക്കൊള്ളിച്ച് സമ്മേളന ഹാളിന്റെ പുറത്ത് പന്തലിൽ ഒരുക്കിയ 'ബാലവേദി' സമ്മേളനത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു..

'വിശുദ്ധിയിലൂടെ വിജയത്തിലേക്ക്' എന്ന വിഷയത്തെ അധികരിച്ച് പ്രൊഫ. ഹാരിസ് ഇബ്നു സലീം നടത്തിയ പ്രൗഢോജ്വല പ്രഭാഷണം സദസ്സിനെ പിടിച്ചിരുത്തി. പ്രണയത്തിന്റെ ചതിക്കുഴികൾ, പാരന്റിങ്, ദാമ്പത്യം തുടങ്ങി ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് സദസ്സിനോട് വളരെ ലളിതമായ ഭാഷയിൽ അദ്ദേഹം സംസാരിച്ചു. പ്രഭാഷണത്തിനുശേഷം നടന്ന ചോദ്യോത്തര സെഷൻ ഏറെ ശ്രദ്ധേയമായി.

'സ്ത്രീകളും ചതിക്കുഴികളും' എന്ന വിഷയത്തിൽ വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹിയുടെ ഗംഭീരമായ പ്രഭാഷണം സദസ്യരെ ഇരുത്തിച്ചിന്തിപ്പിക്കുന്നതായിരുന്നു. മുസ്തഫ മദനി മമ്പാട് സമാപന പ്രഭാഷണം നടത്തി.

കൽപ്പറ്റ മണ്ഡലം പ്രതിനിധി നാസില കമ്പളക്കാട്, ബത്തേരി മണ്ഡലം പ്രതിനിധി ഷമീമ ബത്തേരി, ഗൂഡല്ലൂർ മണ്ഡലം പ്രതിനിധി കമറുന്നിസ എന്നിവർ ആശംസകൾ അർപ്പിച്ചു. നസീബ മായിസ് എരുമാട് നന്ദി പറഞ്ഞു.

# തിരുത്തപ്പെടേണ്ട ദുഷ്ചിന്തകൾ

പാശ്ചാത്യ ശൈലി കടമെടുത്ത് കുടുംബം എന്ന സംവിധാനത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നമ്മുടെ നാട്ടിലും സ്വതന്ത്രചിന്തയുടെ മറവിൽ നടന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ചിന്തകളെയും വികാരങ്ങളെയും ശീലങ്ങളെയും നന്നാക്കിയെടുക്കുന്നതിൽ 'കുടുംബം' എന്ന സാമൂഹിക ഘടകം വഹിക്കുന്ന പങ്ക് ചെറുതല്ല. എന്നാൽ ശരിയായ ധാർമികശിക്ഷണം നൽകാത്ത കുടുംബങ്ങളിൽ വളരുന്ന കുട്ടികൾ സാംസ്കാരികവും ധാർമികവുമായ മൂല്യങ്ങളില്ലാതെ വളരാൻ ഇടയാകുമെന്നതിൽ സംശയമില്ല.

ജാതകദോഷത്തിന്റെ പേരിൽ ജീവിതം ഹോമിക്കപ്പെടാൻ ഇടയുള്ള സാമൂഹിക സാഹചര്യത്തിൽ, സ്വന്തം കുഞ്ഞിന്റെ 'നല്ലനാളു' നോക്കി സിസേറിയനിലൂടെ ഗർഭപാത്രത്തിൽനിന്നും കുഞ്ഞിനെ പുറത്തേക്കാനയിക്കാൻ ശ്രമിക്കുന്ന പുതിയ തലമുറയിലെ മാതാവ്, സ്വന്തം യൗവനം കാത്തുസൂക്ഷിക്കുകയും പ്രസവവേദനയിൽനിന്നും രക്ഷപ്പെടുകയും ചെയ്യാനുള്ള രഹസ്യ അജണ്ടകൂടി നടപ്പാക്കുന്നുണ്ട്. അമ്മയും കുഞ്ഞും തമ്മിലുണ്ടായിരുന്ന പ്രകൃതിജന്യവും ജൈവപരവുമായ ഊഷ്മളബന്ധം പോലും ഇല്ലാതെ 'ഗർഭകാലം' എന്ന ഒരു 'രോഗ'വുമായി കഴിയേണ്ടിവരുന്ന മാതാവിനെ മക്കൾ അനുസരിക്കാതിരുന്നാൽ ആരെയാണ് പഴിപറയുക?

പിറക്കാനിരിക്കുന്ന കുഞ്ഞ് ആണോ പെണ്ണോ എന്ന് മുൻകൂട്ടി അറിയാനും പണമുണ്ടെങ്കിൽ വാടകയ്ക്ക് ഗർഭപാത്രം ലഭിക്കാനും കഴിയുമെന്ന അവസ്ഥയിലെത്തിനിൽക്കുന്നു മലയാളി സമൂഹം. മുലയൂട്ടൽ എന്ന പ്രക്രിയ ഒരു മാതാവിന് സ്വന്തം കുഞ്ഞിനോടുള്ള നിസ്വാർഥ വാത്സല്യത്തിന്റെ ഉദാത്തമായ ആവിഷ്കാരമായിരുന്ന കാലത്തുനിന്നും ഏറെ സഞ്ചരിച്ച മലയാളി വനിതകളിൽ പലർക്കുമിന്നത് കുഞ്ഞിനെ വളർത്തി വലുതാക്കുന്നതിന്റെ പ്രതിഫലമായി തിരിച്ചുനൽകേണ്ട കരുതൽ മൂലധനമായിത്തീർന്നിട്ടുണ്ടെങ്കിൽ കാരണക്കാരാരാണ്?

രക്തബന്ധങ്ങളെപ്പോലും തിരസ്കരിക്കുന്ന ഭൗതികചിന്തകൾ മനുഷ്യനെ മൃഗീയതയിലേക്ക് നയിക്കും. ഉദാത്തമായ ചില മൂല്യങ്ങളാണ് മനുഷ്യനെ മൃഗമാക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നത്. എന്നാൽ മൂല്യബോധമില്ലാത്ത പുതുതലമുറയാണ് വളർന്നുവരുന്നത്. ധാർമികമൂല്യങ്ങളെ അവമതിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന നിഷേധാത്മക നിലപാടാണ് സ്വതന്ത്ര ചിന്തകരെന്ന് സ്വയം പരിചയപ്പെടുത്തുന്നവർ സ്വീകരിച്ചുവരുന്നത്. മതത്തെ ഇക്കൂട്ടർ പിന്തിരിപ്പനും അപ്രായോഗികവുമായ ആശയമായിട്ടാണ് നോക്കിക്കാണുന്നത്.

ദൈവിക മാർഗദർശനാനുസൃതമായ ജീവിതം അതിന്റെ പ്രത്യക്ഷ ഘടനയിൽ ഞെരുക്കമുള്ളതായി അനുഭവപ്പെടുകയും എന്നാൽ ആത്യന്തികമായി അത് ആയാസരഹിതമായിരിക്കുകയും ചെയ്യുമെന്ന സത്യം എക്കാലത്തും പ്രവാചകന്മാരുടെ പ്രബോധനത്തിൽ പെട്ടതാണ്. മനുഷ്യൻ അവന്റെ ഇച്ഛയുടെ നിയന്ത്രണമേറ്റെടുക്കാതെ, ഇച്ഛ അവന്റെ നിയന്ത്രണമേറ്റെടുത്തുകൊണ്ടു ജീവിക്കുന്ന ജീവിത ക്രമത്തിനിടയിൽ ദൈവികമാർഗദർശനങ്ങളെ കുറിച്ചു ചിന്തിക്കുക എന്നതുതന്നെ ഭാരമായി അനുഭവപ്പെടുക സ്വാഭാവികമാണ്. ഈ മാനസികാവസ്ഥയെ മറികടക്കുവാൻ ദൈവികനിർദേശങ്ങൾ അനുസരിച്ചു ജീവിക്കുന്നതിലൂടെ കരഗതമാകുന്ന ഹൃദയവിശാലതയിലൂടെ സാധിക്കുന്നു എന്നാണ് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത്. ദൈവികമാർഗ ദർശനത്തെ അകന്നുനിന്ന് വീക്ഷിക്കുമ്പോൾ അതിൽ പ്രയാസം ഏറെയുള്ളതായി അനുഭവപ്പെടുകയാണു ചെയ്യുക.

പരലോക വിജയത്തിനായുള്ള കർമ മേഖലാണ് ഇഹലോകം. അതിനാൽ പരലോകത്തിന്റെ കാര്യത്തിനാണ് പ്രാമുഖ്യം നൽേകണ്ടത്. എന്നാൽ മനുഷ്യൻ പൊതുവെ ഇതിനു വിപരീതമായാണ് പ്രവർത്തിക്കുന്നത്: "പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും" (ക്വുർആൻ 87:16-17).



# വൈകാരിക വളർച്ചയിലെ വിളകളും കളകളും

അശ്റഫ് എകരൂൽ

മനുഷ്യനിൽ നല്ലതും തിയ്യതുമായ വികാരങ്ങളുണ്ട്. തിയ്യതിനെ തളർത്തി നല്ലതിനെ വളർത്തുന്നതിലൂടെയാണു വ്യക്തിത്വം വികാസം കൊള്ളുന്നത്. മാനസിക-വൈകാരിക വളർച്ചയെ മരവിപ്പിക്കുന്ന ഇത്തിക്കണ്ണികളെ വളരാൻ അനുവദിക്കാതിരിക്കുകയെന്നത് കൂടിയാണ് പാരന്റിങ്. അവയുടെ വളർച്ചയെ നിയന്ത്രിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുകയെന്നതാണ് നല്ല വികാരങ്ങളുടെ ആരോഗ്യപൂർണ വളർച്ചക്കു വേണ്ടത്. കളകളെ അവഗണിക്കുന്ന കൃഷിക്കാരനു നല്ല വിള ലഭിക്കുക പ്രയാസം. രക്ഷിതാക്കളുടെ ശ്രദ്ധ പതിയേണ്ട അത്തരം ചില പ്രതിഭാസങ്ങൾ കൂടി നാം അറിയേണ്ടതുണ്ട്. അവയെ ഒന്നു പരിചയപ്പെടാം:

**1) സങ്കോചവും പിന്മാറ്റവും**

ഇത് കുട്ടികളിൽ ചെറുപ്പം മുതൽ തന്നെ പ്രകടമാകുന്ന ഒന്നാണ്. കുഞ്ഞുനാളുമുതൽ അപരിചിതരോട് മുഖം തിരിക്കുന്നതിലും അന്യവീടുകളിൽ ചെന്നാൽ ഉമ്മയുടെ അരികുവിടാതെ ഒട്ടിനിൽക്കുന്നതിലുമെല്ലാം ഈ സങ്കോചത്തിന്റെ അടയാളങ്ങളുണ്ട്. എന്നാൽ മുതിർന്നു വരുമ്പോഴേക്കും ഇവ നീങ്ങിപ്പോകാതിരിക്കുന്നതിൽ ആശങ്കപ്പെടേണ്ടതുണ്ട്. മറ്റു മനുഷ്യരുമായി ഇടപെടുത്തുന്ന അവസരങ്ങളെ വർധിപ്പിക്കുക മാത്രമാണ് ഇതിന്റെ പരിഹാരമാർഗം. നല്ല സുഹൃത്തു

ക്കൾ വീട്ടിലേക്ക് വരികയോ മാതാപിതാക്കളൊടൊപ്പം മറ്റ് കൂട്ടുകാരുടെ വീട്ടിലേക്ക് പോവുകയോ മറ്റുള്ളവരോട് മുഖം കൊടുത്തു സംസാരിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിലൂടെ ഇത് മാറ്റിയെടുക്കാവുന്നതാണ്. ആക്ഷേപകരെ ഭയപ്പെടാതെ സത്യത്തിനു വേണ്ടി സംസാരിക്കാനുള്ള മനോദാർഢ്യം നേടാനും ഇതാണ് മാർഗം.

നമ്മുടെ മുൻഗാമികൾ അവരുടെ മക്കൾക്ക് ഈ മനോദാർഢ്യം നൽകും വിധമാണ് ശിക്ഷണം നൽകിയിരുന്നത്. അതിന്റെ പ്രകടനത്തിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. അനിവാര്യവും അനുയോജ്യവുമായ ഇടങ്ങളിൽ ഇടപെട്ടു സംസാരിക്കുന്നതിനും അനാവശ്യ സങ്കോചങ്ങളെ വെടിയുന്നതിനും അവർ ശീലിക്കപ്പെട്ടിരുന്നു. അതാവട്ടെ ശക്തമായ വ്യക്തിത്വം വികസിപ്പിക്കുന്നതിൽ സഹായകവുമാണ്.

ഇമാം ബുഖാരി അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: അദ്ദേഹം പറഞ്ഞു: "(അബ്ദുല്ലാഹ്(റ) കുട്ടിയായിരുന്ന സമയത്ത് ഒരു സദസ്സിൽ വെച്ച്) നബി(സ്വ) പറഞ്ഞു: 'മരങ്ങളുടെ കൂട്ടത്തിൽ ഇലപൊഴിക്കാത്ത ഒരു മരമുണ്ട്. അത് (ഉപമയിൽ) ഒരു മുസ്‌ലിമിനെ പൊലെയാണ്. ഏതാണ് അതെന്നു പറയൂ.' ആളുകളുടെ മനസ്സിൽ താഴ്‌വരയിലെ വല്ല മരവുമാകുമെന്നു തോന്നി. അബ്ദുല്ലാഹ്(റ) പറഞ്ഞു: 'എന്നാൽ എന്റെ മനസ്സിൽ അത് ഈത്തപ്പനയാണന്ന് ഉറപ്പിച്ചു. പക്ഷേ, പറയാൻ ഞാൻ ലജ്ജിച്ചു.' പിന്നീട് അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അത് ഏതാണെന്നു ഞങ്ങൾക്ക് പറഞ്ഞുതരൂ.' നബി (സ്വ) പറഞ്ഞു: 'അത് ഈത്തപ്പനയാണ്.' മറ്റൊരു നിവേദനത്തിൽ അബ്ദുല്ലാഹ്(റ) പറയുന്നു: 'അബൂബക്റും ഉമറും സംസാരിക്കാതെയിരിക്കുന്ന സദസ്സിൽ സംസാരിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. പിരിഞ്ഞു പോകുമ്പോൾ ഞാൻ വിവരം പിതാവ് ഉമറിനോട് പറഞ്ഞു. അപ്പോൾ ഉമർ(റ) പറഞ്ഞു: 'നീ അത് അവിടെനിന്നു പറഞ്ഞിരുന്നുവെങ്കിൽ എനിക്ക് ചുവന്ന ഒട്ടകം കിട്ടുന്നതിനെക്കാൾ ഏറ്റം ഇഷ്ടമാകുമായിരുന്നു."

**നമ്മുടെ മുൻഗാമികൾ അവരുടെ മക്കൾക്ക് ഈ മനോദാർഢ്യം നൽകും വിധമാണ് ശിക്ഷണം നൽകിയിരുന്നത്. അതിന്റെ പ്രകടനത്തിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. അനിവാര്യവും അനുയോജ്യവുമായ ഇടങ്ങളിൽ ഇടപെട്ടു സംസാരിക്കുന്നതിനും അനാവശ്യ സങ്കോചങ്ങളെ വെടിയുന്നതിനും അവർ ശീലിക്കപ്പെട്ടിരുന്നു. അതാവട്ടെ ശക്തമായ വ്യക്തിത്വം വികസിപ്പിക്കുന്നതിൽ സഹായകവുമാണ്.**

നോക്കൂ! ഇവിടെ പ്രവാചക സദസ്സിൽ പോലും ഇടപെട്ടു സംസാരിക്കാൻ കിട്ടിയ അനുയോജ്യ അവസരം ഉപയോഗപ്പെടുത്താൻ പ്രോൽസാഹിപ്പിക്കുകയാണ് ഉമർ (റ) ചെയ്തത്.

പ്രശസ്ത സ്വഹാബിവര്യനായ അബ്ദുല്ലാഹിബ്നു സുബൈർ(റ) കുട്ടിയായിരുന്ന കാലത്തെ ധീരമായ സമീപനം ചരിത്രത്താളുകളിൽ പ്രസിദ്ധമാണ്. ഉമർ(റ) ഖലീഫയായിരുന്ന സമയത്ത്, ഒരിക്കൽ മദീനയിലെ വഴിയോരത്തുകൂടി നടന്നുപോവുകയായിരുന്നു. കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ഉമറിന്റെ ഗാംഭീര്യം നിമിത്തം അദ്ദേഹത്തെ കണ്ടയുടനെ ഓടിമറഞ്ഞു. അവരുടെ കൂട്ടത്തിൽ കുട്ടിയായ അബ്ദുല്ലാഹിബ്നു സുബൈർ കളിച്ചുകൊണ്ടിരുന്നു. ആ കുട്ടി മാത്രം ഓടിയില്ല. അതു കണ്ട ഉമർ(റ) ആ കുട്ടിയോട് ചോദിച്ചു: 'നീ എന്തുകൊണ്ട് ആ കുട്ടികളോടൊപ്പം ഓടിയില്ല?' പെട്ടെന്ന് ആ കുട്ടി മറുപടി പറഞ്ഞു: 'താങ്കളിൽനിന്നു ഓടി മറയാൻ ഞാൻ കുറ്റവാളിയല്ല. വഴിമാറിത്തരാൻ വഴി ഇടുങ്ങിയതുമല്ല.' ഈ ധൈര്യവും സ്ഥൈര്യവും മാനസിക ശാക്തീകരണത്ത്ന്റെ ചവിട്ടുപടി തന്നെയാണ്.



മാതാപിതാക്കളുടെ സൂക്ഷ്മമായ നിരീക്ഷണത്തിൽ മര്യാദകളുടെ അതിരുകളെ ഭേദിക്കാത്തവിധം കുട്ടികളിൽ ഇത്തരം ആത്മധൈ



ഭ്യവും ദൃഢതയും നട്ടുവളർത്തേണ്ടതുണ്ട്. എന്നാൽ ലജ്ജയും സങ്കോചവും രണ്ടും രണ്ടായി മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ലജ്ജ മനുഷ്യന് അനിവാര്യമായ ഒരു ഗുണമാണ്. ഇസ്‌ലാമിക മര്യാദകളും ശൈലികളും പുലർത്തുന്ന സ്വഭാവരീതിയാണു ലജ്ജ. എന്നാൽ പറയേണ്ടതും ചെയ്യേണ്ടതും തൽസ്ഥാനങ്ങളിൽ പറയുകയും ചെയ്യുകയും ചെയ്യുന്നതിൽനിന്നുള്ള അനാവശ്യ പിന്മാറ്റമാണു സങ്കോചം. അവ വ്യക്തിത്വ വളർച്ചയെ പ്രതികൂലമായി ബാധിക്കുക തന്നെ ചെയ്യും.

വിലക്കപ്പെട്ടതു പ്രവർത്തിക്കുന്നതിലും മുതിർന്നവരോട് അപമര്യാദയോടെ ഇടപെടുന്നതിലും ഹറാമിലെക്കു നോക്കുന്നതിലും കട്ടുകേൾക്കുന്നതിലുമെല്ലാം മനുഷ്യനെ അകറ്റിനിർത്തുന്നത് ലജ്ജയാണ്. അത് സങ്കോചമല്ല. ഈ ലജ്ജ ഇസ്‌ലാമിക താൽപര്യമാണുതാനും.

നബി(സ്വ) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിൽനിന്ന് എല്ലാ അർഥത്തിലുമുള്ള യഥാർഥ ലജ്ജ ഉള്ളവരാകുക.'' അപ്പോൾ ഞങ്ങൾ (സഹാബികൾ) പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, ഞങ്ങളെല്ലാവരും അല്ലാഹുവിൽനിന്നു ലജ്ജയുള്ളവരാണല്ലോ, അല്ലാഹുവിന്നു സ്തുതി.'' അപ്പോൾ നബി(സ്വ) പറഞ്ഞു: "അതല്ല, അല്ലാഹുവിൽനിന്നു യഥാവിധി ലജ്ജയുള്ളവരാവുകയെന്നു പറഞ്ഞാൽ, തലയും അതിനോടൊപ്പമുള്ളതും, വയറും അതിനുചുറ്റുമുള്ളതും സൂക്ഷിക്കലും മരണത്തെയും ശേഷമുള്ള നാശത്തെയും കുറിച്ചോർക്കലും, പരലോകമോർത്ത് ജീവിതത്തിന്റെ അലങ്കാരങ്ങളെ വെടിയലും, ഇഹലോകത്തെക്കാൾ പരലോകത്തെ മുന്തിക്കലും ഉണ്ടാവുകയെന്നതാണ്. ഇപ്രകാരം ആരെങ്കിലും ചെയ്താൽ അവർ അല്ലാഹുവിൽനിന്നു യഥാവിധി ലജ്ജ പുലർത്തിയവരായി''(തുർമുദി).

ഇവ്വിധമുള്ള ലജ്ജനിമിത്തം കണ്ണിനെയും കാതുകളെയും നാവിനെയും വയറിനെയും ലൈംഗികതയെയും നിഷിദ്ധങ്ങളിൽനിന്നു അകറ്റിനിർത്തുകയെന്നത് വിശ്വാസത്തിന്റെ തേട്ടവും സൽകർമത്തിന്റെ നേർപഥവുമാണ്.

**2. അന്യായമായ ഭയം**

ഇതുപോലെ നുള്ളിക്കളയേണ്ട മറ്റോരു ഇത്തിക്കണ്ണിയാണ് അനാവശ്യമായ ഭയം. എല്ലാ ഭയവും എതിർക്കപ്പെടേണ്ടതല്ല. സാമാന്യമായ അളവിൽ ഭയം മനുഷ്യനിൽ അനിവര്യമാണ്; കുട്ടികളിൽ പ്രത്യേകിച്ചും. തീ തൊടാതിരിക്കാൻ, ഷോക്കടിക്കാതിരിക്കാൻ... അങ്ങനെ പ്രകൃതിപരമായ പരിധിയിലുള്ള ഭയം കുട്ടിയുടെ സുരക്ഷയെ ഉറപ്പുവരുത്തും. എന്നാൽ അതിനപ്പുറം ഭയം കുട്ടികളിൽ വളർന്നുവരികയെന്നത് മാനസിക വളർച്ചയും വ്യക്തിത്വ വികാസവും തടഞ്ഞുനിർത്തും. കുട്ടികളുടെ വളർച്ചാപരിസരങ്ങൾ സമ്മാനികുന്ന ചില നുറുങ്ങൂകളാണ് ഈ അനിവാര്യമല്ലാത്ത ഭയം മനസ്സിൽ നട്ടുവളർത്തുന്നത്. പെണ്ണിൽ ആണിനെക്കാൾ ഇതിന്റെ അളവു കുടുതൽ ഉണ്ടാകാം. ഭാവനാകഴിവിന്റെ ഏറ്റവ്യത്യാസത്തിനനുസരി

**മാതാപിതാക്കളുടെ സൂക്ഷ്മമായ നിരീക്ഷണത്തിൽ മര്യാദകളുടെ അതിരുകളെ ഭേദിക്കാത്തവിധം കുട്ടികളിൽ ഇത്തരം ആത്മധൈര്യവും ദൃഢതയും നട്ടുവളർത്തേണ്ടതുണ്ട്. എന്നാൽ ലജ്ജയും സങ്കോചവും രണ്ടും രണ്ടായി മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ലജ്ജ മനുഷ്യന് അനിവാര്യമായ ഒരു ഗുണമാണ്. ഇസ്‌ലാമിക മര്യാദകളും ശൈലികളും പുലർത്തുന്ന സ്വഭാവരീതിയാണു ലജ്ജ. എന്നാൽ പറയേണ്ടതും ചെയ്യേണ്ടതും തൽസ്ഥാനങ്ങളിൽ പറയുകയും ചെയ്യുകയും ചെയ്യുന്നതിൽനിന്നുള്ള അനാവശ്യ പിന്മാറ്റമാണു സങ്കോചം. അവ വ്യക്തിത്വ വളർച്ചയെ പ്രതികൂലമായി ബാധിക്കുക തന്നെ ചെയ്യും. വിലക്കപ്പെട്ടതു പ്രവർത്തിക്കുന്നതിലും മുതിർന്നവരോട് അപമര്യാദയോടെ ഇടപെടുന്നതിലും ഹറാമിലെക്കു നോക്കുന്നതിലും കട്ടുകെൾക്കുന്നതിലുമെല്ലാം മനുഷ്യനെ അകറ്റിനിർത്തുന്നത് ലജ്ജയാണ്. അത് സങ്കോചമല്ല. ഈ ലജ്ജ ഇസ്‌ലാമിക താൽപര്യമാണുതാനും.**

**സാമാന്യമായ അളവിൽ ഭയം മനുഷ്യനിൽ അനിവാര്യമാണ്; കുട്ടികളിൽ പ്രത്യേകിച്ചും. തീ തൊടാതിരിക്കാൻ, ഷോക്കടിക്കാതിരിക്കാൻ... അങ്ങനെ പ്രകൃതിപരമായ പരിധിയിലുള്ള ഭയം കുട്ടിയുടെ സുരക്ഷയെ ഉറപ്പുവരുത്തും. എന്നാൽ അതിനപ്പുറം ഭയം കുട്ടികളിൽ വളർന്നുവരികയെന്നത് മാനസിക വളർച്ചയും വ്യക്തിത്വ വികാസവും തടഞ്ഞുനിർത്തും. കുട്ടികളുടെ വളർച്ചാപരിസരങ്ങൾ സമ്മാനിക്കുന്ന ചില നുറുങ്ങുകളാണ് ഈ അനിവാര്യമല്ലാത്ത ഭയം മനസ്സിൽ നട്ടുവളർത്തുന്നത്. പെണ്ണിൽ ആണിനെക്കാൾ ഇതിന്റെ അളവു കുടുതൽ ഉണ്ടാകാം. ഭാവനാകഴിവിന്റെ ഏറ്റവ്യത്യാസത്തിനനുസരിച്ചു ഭയത്തിന്റെ അളവ് കൂടുകയും കുറയുകയും ചെയ്തേക്കും.**

ച്ചു ഭയത്തിന്റെ അളവ് കൂടുകയും കുറയുകയും ചെയ്തേക്കും. ഫലരഹിതഭയം കുട്ടിമനസ്സിൽ വളർത്തുന്ന ചില കാരണങ്ങൾ ഇവയാണ്:

1. മാതാവ് അവ്യക്തമായതോ അപരിചിതമായതോ ആയ വസ്തുക്കളെ പറഞ്ഞോ ഇരുട്ടിനെ കാണിച്ചോ കുട്ടികളെ പേടിപ്പെടുത്തുക.
2. കുട്ടിയുടെ കാര്യത്തിൽ മാതാവിന്റെ അതിരുകടന്ന ഉത്കണ്ഠ.
3. മറ്റുള്ളവരിൽനിന്നു മാറി ഏകനായി വിടിന്റെ ചുമരിനുള്ളിൽ ഒറ്റക്കിട്ടു വളർത്തുക.
4. ജിന്ന്, പിശാച് തുടങ്ങിയ അദൃശ്യമായ സൃഷ്ടികളുടെ ഭാവനാ കഥകൾ മെനഞ്ഞെടുത്തു കുട്ടികൾക്ക് കഥനം ചെയ്തു കൊടുക്കുക.

താഴെ പറയുന്ന കാര്യങ്ങളെ അവലംബിച്ചുകൊണ്ട് ഈ പ്രതിഭാസത്തെ മറികടക്കവുന്നതാണ്:

1) കുഞ്ഞുപ്രായം മുതൽതന്നെ അല്ലാഹുവിലുള്ള വിശ്വാസത്തിലും ആരാധനയിലും കുട്ടികൾക്ക് വളരാൻ അവസരമുണ്ടാക്കുക. ശാരീരികവും മാനസികവുമായ ആരാധനകൾ പുലർത്തിവരുന്ന കുട്ടികൾ പരീക്ഷണത്തിൽ പെട്ടെന്നു ആശങ്കയും അക്ഷമയും കാണിക്കുന്ന പ്രകൃതക്കാരവുകയില്ല. പ്രത്യേകിച്ചു നമസ്കാരവും തവക്കുലും ഉള്ള കുട്ടികൾ. അല്ലാഹു പറയുന്നു: “തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്. അതായത് തിന്മ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിക്കൊണ്ടും നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായിക്കൊണ്ടും; നമസ്കരിക്കുന്നവരൊഴികെ അതായത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരമായി നിഷ്ഠയുള്ളവർ” (അൽമആരിജ്:19-23).

2) സാധ്യമായ മേഖലകളിൽ സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാനും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും വളർച്ചക്കൊത്ത് കാര്യങ്ങൾ നടപ്പാക്കാനും അവർക്ക് സ്വാതന്ത്ര്യവും പ്രോൽസാഹനവും നൽകി ക്കൊണ്ടിരിക്കുക.

3) കുട്ടികളെ വറുതെ പേടിപ്പിക്കാതിരിക്കുക. പ്രത്യേകിച്ച് കരയുന്ന നേരത്ത് വന്യജീവികളെയും മറ്റും പറഞ്ഞ് കരച്ചിൽ നിർത്താൻ കുറുക്കുവഴികൾ തേടാതിരിക്കുക.

4) മറ്റുള്ളവരുമായി ഇടപെടാനും അഭിപ്രായങ്ങൾ തുറന്നുപറയാനും മറ്റുള്ളവരെ പരിചയപ്പെടാനും അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക. തന്മൂലം മാനസിക സ്ഥൈര്യം നേടാനും ചുറ്റുപാടുകളുടെ സ്നേഹവും പ്രശംസയും കരഗതമാക്കാനും കഴിയും. അത് അവർക്ക് കൂടുതൽ ധൈര്യവും മുന്നോട്ടുള്ള ഗമനത്തിന്ന് ശക്തിയും നൽകും.

നബി(സ്വ) പറഞ്ഞു: “സത്യവിശ്വാസി ഇണങ്ങുന്നവനും ഇണക്കുന്നവനുമാണ്. ഇണങ്ങുകയും ഇണക്കുകയും ചെയ്യാത്തവരിൽ നന്മയില്ല. മനുഷ്യരിൽ ഏറ്റവും നല്ലവർ മനുഷ്യർക്ക് ഏറ്റവും ഉപകാരപ്പെടുന്നവരാണ്” (സഹീഹ് അൽജാമിഅ്).

5) നബി(സ്വ)യുടെയും സ്വഹാബികളുടെയും സത്യപാതയിലുള്ള പോരാട്ടത്തിന്റെ കഥകൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയോ ചരിത്രം വായിക്കാൻ നൽകുകയോ ചെയ്യുക.

6) മനഃശാസ്ത്ര വിദഗ്ധരുടെ അഭിപ്രായത്തിൽ കുട്ടികളിൽ ചില പ്രത്യേക വസ്തുക്കളോടോ കാര്യങ്ങളോടോ അന്യായമായ ഭയം നിലനിൽക്കുന്നുവെങ്കിൽ അതിനെ കൂടുതൽ അടുത്തറിയാൻ അവസരമുണ്ടാക്കുകയെന്നതാണ്. ഒഴുകുന്ന വെള്ളത്തെ ഭയമാണെങ്കിൽ കൂടുതൽ തവണ ഒഴുക്കുവെള്ളത്തിൽ ഇറങ്ങാനും കളിക്കാനും വഴിയൊരുക്കുക. ഇതുപോലെ മറ്റു കാര്യങ്ങളും. സ്വാഭാവികമായും ആ ഭയം നീങ്ങിക്കൊള്ളും; ഇൻ ശാ അല്ലാഹ്.

ചുരുക്കത്തിൽ, വിശ്വാസിയുടെ പ്രകൃതം തന്നെ ധൈര്യം നിറഞ്ഞതാണ്. അവൻ പ്രപഞ്ച സ്രഷ്ടാവിന്റെ അടിമയാണ്. വിധിയിൽ വിശ്വസിക്കുന്നവനും ക്ഷമയോടെ ജീവിതത്തെ നേരിടേണ്ടവനുമാണ്. അതിനു പാകത്തിൽ വളർന്നു വലുതാകേണ്ടവരാണ് വിശ്വാസികളുടെ മക്കൾ. ആ വളർച്ചക്ക് സാധ്യത നൽകുന്ന എല്ലാ അനുവദനീയ മാർഗങ്ങളും സ്വീകരിച്ചാവണം ഈ പ്രായത്തിലെ പാരന്റിങ്.

**(തുടരും)**



# ജനസംഖ്യാനിയന്ത്രണം: ആശങ്കയും രാഷ്ട്രീയവും

**മുജീബ് ഒട്ടുമ്മൽ**
:9744431890

**മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ വർധനവ് ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ മാറ്റി വരയ്ക്കുന്നുവെന്നും അസമത്വത്തിന് വളംവയ്ക്കുന്നുവെന്നുമുള്ള സംഘ്പരിവാർ ആക്ഷേപത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ആശയപരമായും കണക്കുകളുടെ പിൻബലത്തിലും തെറ്റാണെന്ന് തെളിയിക്കുന്ന ഈ ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിക്കുന്നു.**

"മതാടിസ്ഥാനത്തിൽ ജനസംഖ്യയിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട്. മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസമത്വം അവഗണിക്കാനാവില്ല. ജനസംഖ്യയിലെ അസന്തുലിതാവസ്ഥ ഭൂമിശാസ്ത്ര അതിർവരമ്പുകൾ മാറ്റുന്നു. ജനസംഖ്യാനിയന്ത്രണത്തിനാവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ രാജ്യം ശിഥിലമാകും."

നാഗ്പൂരിലെ ദസറാറാലിയിൽവച്ച് ആർഎസ്എസ് മേധാവി മോഹൻ ഭാഗവതിൻെറ, ഒരു സമൂഹത്തെ അപരവൽകരിക്കാനും സാമൂഹിക ശിഥിലീകരണത്തിനുമായി അപകട സൈറൺ മുഴക്കിയുള്ള ആഹ്വാനമാണിത്. മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസുന്തിലിതാവസ്ഥമൂലം പുതിയ രാജ്യങ്ങൾ ഉദയം ചെയ്യുമെന്ന് അദ്ദേഹം പരിഭവപ്പെടുന്നുണ്ട്. കിഴക്കൻ തിമോർ, കൊസോവ, ദക്ഷിണ സുഡാൻ എന്നിവയെ ഉദ്ധരിച്ചുകൊണ്ടാണ് ആശങ്കപ്പെടുന്നത്. നിർബന്ധ മതപരിവർത്തനവും നുഴഞ്ഞുകയറ്റവുമെ

ല്ലാം ഇതിനോട് ചേർത്തുവയ്ക്കുന്നുണ്ട്. വിഭവങ്ങളില്ലാതെ ജനസംഖ്യ വളരുന്നത് രാജ്യത്തിന് വലിയ പ്രതിസന്ധിയാകുമെന്നും അദ്ദേഹം ഭയപ്പെടുന്നുണ്ട്.

'രാജ്യസുരക്ഷയുടെ സന്ദേശം' എന്ന ശീർഷകത്തിലാണ് ആർഎസ്എസ് മേധാവിയുടെ ദസറ പ്രഭാഷണ വിശദീകരണം കേസരിയിൽ മുഖലേഖനമായി വന്നത്.

രാജ്യത്ത് സംഘപരിവാരങ്ങൾ ശക്തമായതോടെ ഹിന്ദുരാഷ്ട്ര സങ്കൽപമെന്ന ലക്ഷ്യത്തിലേക്ക് മെല്ലെ കാലെടുത്തുവയ്ക്കുകയാണെന്നും പലരും ഇതിനോട് യോജിക്കുന്നുണ്ടെന്നും വരികൾക്കിടയിലൂടെ പറയുന്നുണ്ട്. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാറിന്റെ ആശയസ്രോതസ്സ് എന്ന നിലയിൽ ആർഎസ്എസ് മേധാവിയുടെ പ്രസ്താവനയെ കേവലമൊരു രാഷ്ട്രീയ പ്രസ്താവനയായി കാണാനാവില്ല. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള മുദ്രാവാക്യങ്ങളുടെയും പ്രചാരണങ്ങളുടെയും വിഷയങ്ങളെ രൂപപ്പെടുത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമാണിത്.

വിദ്വേഷ പ്രചാരണത്തിനായി ഹിന്ദുത്വവാദികൾ എക്കാലത്തും എടുത്തുപയോഗിച്ച രാഷ്ട്രീയ ആയുധമാണ് ജനസംഖ്യവിസ്ഫോടന സിദ്ധാന്തം. രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ; പ്രത്യേകിച്ച് മുസ്‌ലിംകളുടെ അംഗസംഖ്യ നാൾക്കുനാൾ വർധിച്ച് വരുന്നുവെന്നും ഈനില തുടർന്നാൽ അധികം വൈകാതെ ഇന്ത്യ ഒരു മുസ്‌ലിം രാജ്യമാകുമെന്നുമുള്ള ഭീതിയാണ് സംഘപരിവാരങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കപടയുക്തിയുടെയും കള്ളങ്ങളുടെയും ചേരുവകളോടെ തങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയാണ് എന്ന് ഭൂരിപക്ഷ സമുദായത്തെ ഓർമപ്പെടുത്താനുള്ള ഒരു ആയുധമാണിത്. കൊളോണിയൽ ശക്തികളുടെ അധികാര അധീശത്വം സ്ഥാപിക്കാനായി ഹിന്ദു-മുസ്‌ലിം വിഭജനത്തിന് വേണ്ടി ഉപയോഗിച്ച വ്യാജവർത്തമാനങ്ങളിൽ ഒന്നായിരുന്നു ഈ ജനപ്പെരുപ്പ ഭീതി. പിൽക്കാലത്ത് സംഘപരിവാരങ്ങൾ മറ്റുള്ള പല വിഷയങ്ങളെപോലെ ഇതും ഏറ്റെടുത്ത് പ്രചാരണം നൽകുകയായിരുന്നുവെന്ന വിമർശനവുമുണ്ട്. ജനസംഖ്യാ നിയന്ത്രണ നിയമം ഉടൻ കൊണ്ടുവരുമെന്ന കേന്ദ്രമന്ത്രി പ്രഹ്ളാദ് സിംഗ് പട്ടേലിന്റെ പ്രസ്താവനയും അണിയറയിൽ സജീവ ചർച്ച നടക്കുന്നുവെന്നതിന് തെളിവാണ്.

ജനസംഖ്യാ നിയന്ത്രണം നടത്തുന്ന ദമ്പതിമാർക്ക് പ്രോൽസാഹനം നൽകുന്ന നയം കഴിഞ്ഞ വർഷം ഉത്തപ്രദേശ് സർക്കാർ പ്രഖ്യാപിച്ചതിനോട്

**രാജ്യത്ത് സംഘപരിവാരങ്ങൾ ശക്തമായതോടെ ഹിന്ദുരാഷ്ട്ര സങ്കൽപമെന്ന ലക്ഷ്യത്തിലേക്ക് മെല്ലെ കാലെടുത്തുവയ്ക്കുകയാണെന്നും പലരും ഇതിനോട് യോജിക്കുന്നുണ്ടെന്നും വരികൾക്കിടയിലൂടെ പറയുന്നുണ്ട്. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാറിന്റെ ആശയസ്രോതസ്സ് എന്ന നിലയിൽ ആർഎസ്എസ് മേധാവിയുടെ പ്രസ്താവനയെ കേവലമൊരു രാഷ്ട്രീയ പ്രസ്താവനയായി കാണാനാവില്ല. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള മുദ്രാവാക്യങ്ങളുടെയും പ്രചാരണങ്ങളുടെയും വിഷയങ്ങളെ രൂപപ്പെടുത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമാണിത്.**



**ഇന്ത്യയെ ഹിന്ദുത്വരാഷ്ട്രമാക്കാനും മുസ്‌ലിംകളെയും ഇതര ന്യൂനപക്ഷങ്ങളെയും അപരവൽകരിച്ച് രാജ്യത്തുനിന്ന് തുടച്ചുനീക്കുകയോ അല്ലെങ്കിൽ പൗരത്വം നിഷേധിച്ച് നിയമപരമായും പ്രായോഗികമായും ദേശ രഹിതരും അരക്ഷിതരുമാക്കാനോ ഉള്ള കരുനീക്കമാണിത്. സവർക്കറുടെ ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റ അടിസ്ഥാനം രാഷ്ട്രത്തെ വിഭജിക്കാതെ ഹിന്ദു ദേശീയതയും മുസ്‌ലിം ദേശീയതയും രാഷ്ട്രത്തിനുള്ളിൽ വ്യത്യസ്തമായി നിലനിൽക്കുകയും ന്യൂനപക്ഷങ്ങൾ പ്രത്യേക അവകാശങ്ങളൊന്നുമില്ലാതെ കേവലാസ്തിത്വങ്ങളായി അടിച്ചമർത്തപ്പെട്ടു കഴിയുകയും ചെയ്യുക എന്ന തായിരുന്നു. പൗരത്വമുള്ളവരുടെയും അതില്ലാത്തവരുടെയും ദ്വിരാഷ്ട്രമെ ന്ന സവർക്കർ ഭാവനയുടെ സാക്ഷാൽകാരമാണ് ഇത്തരം വിവാദ പ്രസ്താവനകളുടെ ലക്ഷ്യം.**

അനുഭാവപ്പെട്ടാണ് കേന്ദ്ര മന്ത്രിയുടെ ഈ പ്രസ്താവനയെന്നതും ശ്രദ്ധേയമാണ്. ഇന്ത്യയെ ഹിന്ദുത്വരാഷ്ട്രമാക്കാനും മുസ്‌ലിംകളെയും ഇതര ന്യൂനപക്ഷങ്ങളെയും അപരവൽകരിച്ച് രാജ്യത്തുനിന്ന് തുടച്ചുനീക്കുകയോ അല്ലെങ്കിൽ പൗരത്വം നിഷേധിച്ച് നിയമപരമായും പ്രായോഗികമായും ദേശരഹിതരും അരക്ഷിതരുമാക്കാനോ ഉള്ള കരുനീക്കമാണിത്. സവർക്കറുടെ ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ അടിസ്ഥാനം രാഷ്ട്രത്തെ വിഭജിക്കാതെ ഹിന്ദു ദേശീയതയും മുസ്‌ലിം ദേശീയതയും രാഷ്ട്രത്തിനുള്ളിൽ വ്യത്യസ്തമായി നിലനിൽക്കുകയും ന്യൂനപക്ഷങ്ങൾ പ്രത്യേക അവകാശങ്ങളൊന്നുമില്ലാതെ കേവലാസ്തിത്വങ്ങളായി അടിച്ചമർത്തപ്പെട്ടു കഴിയുകയും ചെയ്യുക എന്നതായിരുന്നു. പൗരത്വമുള്ളവരുടെയും അതില്ലാത്തവരുടെയും ദ്വിരാഷ്ട്രമെന്ന സവർക്കർ ഭാവനയുടെ സാക്ഷാൽകാരമാണ് ഇത്തരം വിവാദ പ്രസ്താവനകളുടെ ലക്ഷ്യം.


**ജനസംഖ്യയിലെ രാഷ്ട്രീയം**

മതാസമത്വത്തെ കുറിച്ചുള്ള പരാമർശം മുസ്‌ലിം സമൂഹത്തെ കുറിച്ചാണെന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? മുസ്‌ലിം ജനസംഖ്യാ വർധനവിനെ വലിയ ഒരു ഭീഷണിയായി അവതരിപ്പിച്ച് കാലങ്ങളായി അനാവശ്യവിവാദങ്ങൾ പടച്ചുവിടുന്ന സംഘപരിവാരങ്ങളുടെ വംശീയ ഉൻമൂലന രാഷ്ട്രീയത്തിന്റെ പ്രത്യക്ഷമായ ഭാവമാണിതെല്ലാമെന്നതും നിഷ്തർക്കമാണ്. മുസ്‌ലിം സമൂഹം പന്നികളെ പോലെ പെറ്റ് പെരുകുകയാണെന്ന ആക്ഷേപം സ്ഥിരമായി ഉന്നയിച്ചു കൊണ്ടിരിക്കുന്നവരുടെ ആചാര്യനിൽനിന്നാണ് മതാസമത്വം എന്ന പരാമർശം വന്നിട്ടുള്ളത് എന്നതാണ് ബോധ്യമാകുന്ന കാര്യം.

ജനസംഖ്യാ പരിശോധനയും പഠനവും കേവലമൊരു കണക്കെടുപ്പല്ല, ഇരുതലമൂർച്ചയുള്ള ആയുധമാണെന്ന് തെളിയിക്കുന്ന ചരിത്ര സാക്ഷ്യങ്ങളാണ് നമ്മുടെ മുന്നിൽ ഏറെയും. ജൂത വംശഹത്യക്കു മുമ്പ് ഹിറ്റ്ലർ ജർമനിയിൽ ആസൂത്രിതമായ ഒരു ജനസംഖ്യാ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ജൂതർ, ജിപ്സികൾ തുടങ്ങി നാസികൾ ഉന്നംവച്ച വിഭാഗങ്ങളെ എല്ലാവിധത്തിലും അടയാളപ്പെടുത്തലുകൾ നടത്തിയിരുന്നു. അതിനു മുമ്പും അവരുടെ ജനപ്പെരുപ്പത്തെ കുറിച്ച് ചർച്ചകൾ കൊണ്ടുവന്നിരുന്നുവെന്ന് കാണാം.

നാസി ജർമനിയിലെ ബവേറിയൻ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ പ്രസിഡന്റായിരുന്ന ഫ്രെഡ്രിക് സാന്റെ ജനസ്ഥിതിവിവര പ്രിയരായിരുന്നു ചാൻസ്ലർ അഡോൾഫ് ഹിറ്റ്ലറും അദ്ദേഹത്തിന്റെ ഭരണകൂടവുമെന്ന് വെളിപ്പെടുത്തുകയുണ്ടായി.

ഒന്നും രണ്ടും ലോകയുദ്ധകാലത്തും ശേഷവും പല ഭരണകൂടങ്ങളും പൗരവിവരങ്ങൾ പല രീതിയിൽ തങ്ങൾക്കാവശ്യമുള്ള





വിധം ഉപയോഗിച്ചിട്ടുണ്ട്. ജാപ്പനീസ് അമേരിക്കക്കാരെ തെരഞ്ഞുപിടിക്കാൻ വേണ്ടി 1940ൽ യുഎസ് ഗവൺമെന്റ് ഉപയോഗിച്ചത് പൗരവിവര ശേഖരമാണ്. യഥാർഥ ദേശവും വംശവും ഏതാണെന്ന ചോദ്യം 1940ലെ സെൻസസിൽ അമേരിക്കൻ ഭരണകൂടം ഉൾപ്പെടുത്തിയിരുന്നു.

1941ൽ ജപ്പാൻ അമേരിക്കയുടെ പേൾ ഹാർബറിൽ നടത്തിയ മിന്നലാക്രമണം രാജ്യത്ത് അധിനിവേശത്തിന്റ ഭീതി പരത്തിയപ്പോൾ കാലിഫോർണിയയിലെ സൈനിക വൃത്തങ്ങൾ ഉടൻതന്നെ സെൻസസ് ഡിപാർട്ട്മെന്റിനോട് അമേരിക്കയിലെ ജപ്പാൻ വംശജരുടെ വിവരങ്ങൾ ആവശ്യപ്പെടുകയാണുണ്ടായത്. ജപ്പാൻ വംശജരുടെ കൃത്യമായ ജനസംഖ്യ സൈന്യം ശേഖരിച്ചു. തുടർന്ന് ഈ ജപ്പാൻ വംശജരെ കോൺസൺട്രേഷൻ ക്യാമ്പിൽ അയക്കാൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. യുദ്ധകാല കോൺസൺട്രേഷൻ ക്യാമ്പുകളിലേക്കാണ് അവർ അയക്കപ്പെട്ടത്. ജപ്പാനീസ് വംശജരായ അമേരിക്കക്കാരെ കൃത്യമായി തിരിച്ചറിയാൻ സെൻസസ് ഡാറ്റയാണ് ഉപയോഗിച്ചത്. അതിന് വേണ്ടി പ്രത്യേക നിയമനിർമാണംവരെ ഭരണകൂടം നടത്തിയിരുന്നു.

അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം യുഎസ് ഫെഡറൽ അതോറിറ്റി അമേരിക്കൻ സെൻസസ് വിവരങ്ങൾ പരിശോധിക്കാൻ ശ്രമം നടത്തുകയുണ്ടായിട്ടുണ്ട്. അതിലൂടെ അമേരിക്കയിലെ മുസ്‌ലിംകളുടെ വിവരശേഖരമാണ് അവർ ലക്ഷ്യമാക്കിയിരുന്നത്.

**ഒന്നും രണ്ടും ലോകയുദ്ധകാലത്തും ശേഷവും പല ഭരണകൂടങ്ങളും പൗരവിവരങ്ങൾ പല രീതിയിൽ തങ്ങൾക്കാവശ്യമുള്ള വിധം ഉപയോഗിച്ചിട്ടുണ്ട്. ജാപ്പനീസ് അമേരിക്കക്കാരെ തെരഞ്ഞുപിടിക്കാൻ വേണ്ടി 1940ൽ യുഎസ് ഗവൺമെന്റ് ഉപയോഗിച്ചത് പൗരവിവര ശേഖരമാണ്. യഥാർഥ ദേശവും വംശവും ഏതാണെന്ന ചോദ്യം 1940ലെ സെൻസസിൽ അമേരിക്കൻ ഭരണകൂടം ഉൾപെടുത്തിയിരുന്നു.**

1994ൽ റുവാണ്ടയിൽ നടന്ന അതിഭീകരമായ വംശഹത്യയ്ക്ക് പിന്നിലും ജനസംഖ്യ കണക്കെടുപ്പിന്റെ കെണിയുണ്ടായിരുന്നു. കോർപറേറ്റ് കമ്പനിയുടെ ബിസിനസ് താൽപര്യങ്ങളും അഡോൾഫ് ഹിറ്റ്ലറും വംശഹത്യയുമെല്ലാം പരസ്പരം ചേർന്ന് നിൽക്കുന്നു എന്നതാണ് ചരിത്രത്തെയും വർത്തമാനത്തെയും ബന്ധിപ്പിക്കുന്നത്. ഫാഷിസം നാസിസത്തെ അതിസൂക്ഷ്മമായി പിന്തുടരുന്നുവെന്നതാണ് തിരിച്ചറിയേണ്ട പ്രധാന കാര്യം.

സാമ്പത്തിക ആസൂത്രണത്തിന്റെ ആധാരവും സാമൂഹികവികാസത്തിന്റെ സമീപനരേഖയും എന്നതോടൊപ്പം രാഷ്ട്രീയ താൽപര്യങ്ങളുടെ പ്രധാന ഉപകരണവുമായി ജനസംഖ്യ കണക്കെടുപ്പ് ഉപയോഗിക്കപ്പെടുന്നുണ്ട്. അധികാരവും സാമൂഹിക മാറ്റവുമായി ജനസംഖ്യക്ക് വലിയ ബന്ധമുണ്ട്. ജനാധിപത്യക്രമത്തിൽ ജനങ്ങളുടെ എണ്ണം പാർലമെന്ററി അധികാരം തീരുമാനിക്കുന്നതിലെ നിർണായക ഘടകമാണ്. ജനസംഖ്യയിലുണ്ടാകുന്ന ഇടിവ്

**സാമ്പത്തിക ആസൂത്രണത്തിന്റെ ആധാരവും സാമൂഹികവികാസത്തിന്റ സമീപനരേഖയും എന്നതോടൊപ്പം രാഷ്ട്രീയ താൽപര്യങ്ങളുടെ പ്രധാന ഉപകരണവുമായി ജനസംഖ്യ കണക്കെടുപ്പ് ഉപയോഗിക്കപ്പെടുന്നുണ്ട്. അധികാരവും സാമൂഹിക മാറ്റവുമായി ജനസംഖ്യക്ക് വലിയ ബന്ധമുണ്ട്. ജനാധിപത്യക്രമത്തിൽ ജനങ്ങളുടെ എണ്ണം പാർലമെന്ററി അധികാരം തീരുമാനിക്കുന്നതിലെ നിർണായക ഘടകമാണ്. ജനസംഖ്യയിലുണ്ടാകുന്ന ഇടിവ് പലവിധത്തിൽ സാമൂഹിക, സാമ്പത്തിക പ്രതിസന്ധികൾക്ക് വഴിവെക്കുമെന്ന നിരീക്ഷണവും ഉണ്ട്. മറുഭാഗത്ത് ജനസംഖ്യാ വർധനവ് ദാരിദ്ര്യത്തിന്റ തോത് കൂട്ടാൻ കാരണമാകുമെന്ന ഏറെ പഴക്കമുള്ള പ്രചാരണവും ഉണ്ട്. ആളെണ്ണം കൂടുന്നത് പട്ടിണിക്ക് കാരണമാകുമെന്ന ഭീതി ഈ ധാരണയിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുന്നവയാണ്. ചില ജാതി-മത സമുദായങ്ങളുടെ ജനസംഖ്യ വർധനവിനെ കുറിച്ച് നിരന്തരം പേടി പരത്തുന്നത് ഇതിന്റ മറ്റൊരു വശമാണ്. ആർഎസ്എസ് മേധാവിയുടെ പ്രസ്താവന ഈ വിഭാഗത്തിൽ പെടുന്നു.**

പല വിധത്തിൽ സാമൂഹിക, സാമ്പത്തിക പ്രതിസന്ധികൾക്ക് വഴിവെക്കുമെന്ന നിരീക്ഷണവും ഉണ്ട്. മറുഭാഗത്ത് ജനസംഖ്യാ വർധനവ് ദാരിദ്ര്യത്തിന്റെ തോത് കൂട്ടാൻ കാരണമാകുമെന്ന ഏറെ പഴക്കമുള്ള പ്രചാരണവും ഉണ്ട്. ആളെണ്ണം കൂടുന്നത് പട്ടിണിക്ക് കാരണമാകുമെന്ന ഭീതി ഈ ധാരണയിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുന്നവയാണ്. ചില ജാതി-മത സമുദായങ്ങളുടെ ജനസംഖ്യ വർധനവിനെ കുറിച്ച് നിരന്തരം പേടിപരത്തുന്നത് ഇതിൻെറ മറ്റൊരു വശമാണ്. ആർഎസ്എസ് മേധാവിയുടെ പ്രസ്താവന ഈ വിഭാഗത്തിൽ പെടുന്നു.

നമ്മുടെ മണ്ണ്, സമ്പത്ത്, വിഭവങ്ങൾ തുടങ്ങിയവയെല്ലാം മറ്റുള്ളവർ കയ്യടക്കുമെന്ന ഭീതി വളർത്തപ്പെട്ട മനസ്സുകളിലേക്ക് വംശവെറി എളുപ്പത്തിൽ വേരു പടർത്തും. 'അറ്റമില്ലാതെ പെറ്റുപെരുകുന്നവർ' തുടങ്ങിയ നിലവാരംകെട്ട വാചകങ്ങൾപോലും ഉപയോഗിച്ച് മുസ്‌ലിം ജനസംഖ്യാ വർധനവിനെ കുറിച്ച് സംഘപരിവാർ നിരന്തരം കള്ളക്കഥകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിൻെറ മനഃശാസ്ത്രം ഇതുതന്നെയാണ്. നമ്മുടെ വിഭവങ്ങൾ ഊറ്റിയെടുക്കുന്നവരെ കൊന്നുതള്ളിയാലും കുഴപ്പമില്ല എന്ന മാനസികാവസ്ഥയിലേക്ക് ആളുകളെ തള്ളിയിടുന്ന തന്ത്രമാണിത്. രാജ്യത്ത് നടന്ന വർഗീയ കലാപങ്ങളും സംഘട്ടനങ്ങളും പരിശോധിച്ചാൽ ഇങ്ങനെ വികൃതമാക്കപ്പെട്ട മനസ്സുകളാണ് അതിന് നേതൃത്വം നൽകിയതെന്ന് മനസ്സിലാക്കാനാകും.

**ജനസംഖ്യയിലെ കള്ളക്കണക്ക്**

വെള്ളം ചേർത്ത കാനേഷുമാരി കണക്കുകളാണ് മുസ്‌ലിം ജനപ്പെരുപ്പമെന്ന ആരോപണത്തിന് പിന്നിലെന്നത് നിഷ്പക്ഷ പഠന കണക്കുകൾ തെളിയിക്കുന്നുണ്ട്.

മുസ്‌ലിം സമൂഹത്തിൻെറ പിന്നാക്കാവസ്ഥ പഠിച്ച് പരിഹാരം കാണാൻ ഡോ. മൻമോഹൻ സിംഗ് മന്ത്രിസഭ നിയമിച്ച സച്ചാർ കമ്മീഷൻ കണ്ടെത്തിയ കാര്യങ്ങളിൽ പ്രധാനമായ ഒന്ന് ഇത്തരം കള്ളക്കണക്കുകളാണ്. സംഘപരിവാരങ്ങൾ അവരുടെ കുപ്രചാരണങ്ങളുടെ ഭാഗമായി ഉപയോഗിച്ചുവരുന്ന വാർപ്പു മാതൃകകളുടെ പൊള്ളത്തരവും സച്ചാർ സമിതി തുറന്നുകാണിച്ചിട്ടുണ്ട്.

അതിലൊന്ന് ജനപെരുപ്പം തന്നെയാണ്. പ്രത്യുൽപാദനം നിയന്ത്രിക്കുന്നതിനും ആധുനിക ഗർഭ നിയന്ത്രണ രീതികൾ സ്വീകരിക്കുന്നതിനും സമുദായത്തിൽനിന്ന് തന്നെ നിർദേശമുണ്ടെന്നും പ്രത്യുൽപാദനം മതിയായ നിലയിൽ താഴ്ന്നതിൻെറ ഫലമായി മുസ്‌ലിം ജനസംഖ്യയും കുറഞ്ഞു എന്നും അതിൽ വ്യക്തമാക്കുന്നുണ്ട്.

മതന്യൂനപക്ഷങ്ങളുടെ ജനസംഖ്യ രാജ്യത്ത് വർധിക്കുന്നു എന്നും ഹിന്ദുക്കളുടെ ജനസംഖ്യ കുറയുന്നുണ്ടെന്നുമുള്ള സംഘ്പരിവാറിന്റെ വാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. 2019-2021ലെ ദേശീയ കുടുംബാരോഗ്യ സർവെ കണക്കുകൾ പ്രകാരം ഹിന്ദു സ്ത്രീകളുടെ പ്രത്യുൽപാദന നിരക്കിൽ 30 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ന്യൂനപക്ഷ മതവിഭാഗങ്ങളുടെ; പ്രത്യേകിച്ചും മുസ്‌ലിം സ്ത്രീകളുടെ പ്രത്യുൽപാദന നിരക്കിൽ ഉണ്ടായ കുറവ് 35% ആണ്. 1992ൽ മുസ്‌ലിം സ്ത്രീകളുടെ പ്രത്യുൽപാദന നിരക്ക് 4.4 % ആയിരുന്നത് 2021ൽ 2.3 % ആയി കുറയുകയുണ്ടായി. ഹിന്ദു സ്ത്രീകളുടേത് 3.3 % ശതമാനത്തിൽനിന്ന് ഈ കാലയളവിൽ 1.94%ൽ എത്തിയിട്ടുണ്ട്. മറ്റു മതന്യൂനപക്ഷ വിഭാഗങ്ങളിൽ ക്രിസ്ത്യാനികളുടേത് 1.88%, സിഖ് 1.61%, ജൈന 1.6%, ബുദ്ധിസ്റ്റ് 1.39% എന്നിങ്ങനെയാണ്. ഏറ്റവും പുതിയ ദേശീയ കുടുംബാരോഗ്യ സർവെ കണക്കുകൾ പ്രകാരം ഹിന്ദു സ്ത്രീകളുടെ ശരാശരി പ്രത്യുൽപാദന നിരക്കും മതന്യൂനപക്ഷങ്ങളിൽ പ്രബലമായ മുസ്‌ലിം സ്ത്രീകളുടെ നിരക്കും തമ്മിലുള്ള വ്യത്യാസം 0.4 2% മാത്രമാണ്.



കഴിഞ്ഞ 30 വർഷത്തിനിടയിൽ ശതമാന വർധന നേർപകുതിയായിട്ടുണ്ടെന്ന് കണക്കുകളിൽ കാണാം. 2030ൽ ഇരു മതവിഭാഗങ്ങളിലെയും പ്രത്യുൽപാദന നിരക്ക് തുല്യതയിൽ എത്തുമെന്നാണ് കണക്കുകൾ പറയുന്നത്. കഴിഞ്ഞ 20 വർഷങ്ങൾക്കിടയിൽ ഫെർട്ടിലിറ്റി നിരക്കിന്റെ കാര്യത്തിൽ 41.2% കുറവാണ് ഹിന്ദു സമുദായത്തിൽ ഉണ്ടായതെങ്കിൽ മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ 46.5% ആണ് കുറവുണ്ടായത്. ഏറ്റവും പുതിയ സെൻസസ് കണക്കുകൾ പ്രകാരം ഹിന്ദു ജനസംഖ്യ വർധനവിൽ 3.1% ഇടിവ് സംഭവിച്ചപ്പോൾ മുസ്‌ലിം ജനസംഖ്യ വർധനവിൽ 4.7% ഇടിവാണ് ഉണ്ടായിരിക്കുന്നത്. യാഥാർഥ്യം ഇതായിരിക്കെ സമുദായത്തെ ക്രൂശിക്കാനുള്ള ഗോൾവാൾക്കറിയൻ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമമാണിതെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്.

സംഘർഷങ്ങളിലും കലാപങ്ങളിലും അസമാധാനങ്ങളിലും മാത്രം തഴച്ചുവളരാൻ സാധിക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്ക് വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യമൊരുക്കൽ അനിവാര്യമാണല്ലോ! കൊളോണിയൽ വിരുദ്ധ സമര കാലത്ത് പോലും ഇന്ത്യൻ മധ്യവർഗത്തിൻെറ രാഷ്ട്രീയ ബോധ്യങ്ങളെ കടന്നാക്രമിച്ചുകൊണ്ടാണ് മതരാഷ്ട്രീയം സ്വന്തം വേദിയിൽ ചുവടുറപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. 1980ന് ശേഷം കൊളോണിയൽ വിരുദ്ധ സമര പാരമ്പര്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഹിന്ദുത്വ രാഷ്ട്രീയം ഭരണത്തിലേക്ക് കടന്നുവന്ന് ഇന്ത്യൻ രാഷ്ട്രീയ രംഗത്തെ മുമ്പില്ലാത്തവിധം പുതിയ വെല്ലുവിളി ഉയർത്തി കലുഷിതമാക്കി. അതിനുള്ള ഒരു മാർഗമായി ജനസംഖ്യയെ വിവാദമാക്കുകയാണിപ്പോൾ. ബാബരി മസ്ജിദ് പ്രശ്നം കത്തിച്ചുനിർത്താൻ ശ്രമിച്ചതിൻെറ പിന്നിലെ ഗൂഢലക്ഷ്യം അതായിരുന്നു. ആ പ്രശ്നം അവസാനിച്ചപ്പോൾ 'പശു രാഷ്ട്രീയം' കത്തിച്ചുനിർത്താനുള്ള ശ്രമമുണ്ടായി. പിന്നെ ഹലാൽ ഭക്ഷണ വിവാദമുണ്ടാക്കി. സൗഹൃദത്തിന് മാതൃകയായ കേരളത്തിൽ പോലും അതിൻെറ പ്രചാരണത്തിന് ശ്രമമുണ്ടായി. ഇങ്ങനെ ഓരോ കാലത്തും, പ്രത്യേകിച്ച് ഇലക്ഷൻ സാഹചര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ കൊണ്ടുവരിക സംഘപരിവാരങ്ങളുടെ പതിവുശൈലിയാണ്. ആ ഗണത്തിലേക്ക് ജനസംഖ്യകൂടി ഇപ്പോൾ കടന്നുവന്നിരിക്കുന്നുവെന്ന് മാത്രം.

> **നമ്മുടെ മണ്ണ്, സമ്പത്ത്, വിഭവങ്ങൾ തുടങ്ങിയവയെല്ലാം മറ്റുള്ളവർ കയ്യടക്കുമെന്ന ഭീതി വളർത്തപ്പെട്ട മനസ്സുകളിലേക്ക് വംശവെറി എളുപ്പത്തിൽ വേരുപടർത്തും. 'അറ്റമില്ലാതെ പെറ്റുപെരുകുന്നവർ' തുടങ്ങിയ നിലവാരംകെട്ട വാചകങ്ങൾ പോലും ഉപയോഗിച്ച് മുസ്‌ലിം ജനസംഖ്യാവർധനവിനെ കുറിച്ച് സംഘപരിവാർ നിരന്തരം കള്ളക്കഥകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിൻെറ മനഃശാസ്ത്രം ഇതുതന്നെയാണ്. നമ്മുടെ വിഭവങ്ങൾ ഊറ്റിയെടുക്കുന്നവരെ കൊന്നുതള്ളിയാലും കുഴപ്പമില്ല എന്ന മാനസികാവസ്ഥയിലേക്ക് ആളുകളെ തള്ളിയിടുന്ന തന്ത്രമാണിത്. രാജ്യത്ത് നടന്ന വർഗീയ കലാപങ്ങളും സംഘട്ടനങ്ങളും പരിശോധിച്ചാൽ ഇങ്ങനെ വികൃതമാക്കപ്പെട്ട മനസ്സുകളാണ് അതിന് നേതൃത്വം നൽകിയതെന്ന് മനസ്സിലാക്കാനാകും.**

### ജനസംഖ്യാ വിവാദം ലക്ഷ്യമാക്കുന്നത്

ജനപ്പെരുപ്പം കൂടുന്നത് ദാരിദ്ര്യത്തിന് കാരണമാകുമെന്ന മാൽതൂസിയൻ തിയറി പുറത്തുവന്നതോ

**ബ്രിട്ടീഷ് സെൻസസ് സൂപ്രണ്ടായിരുന്ന ജോർജ് ഗ്രീർസൺ 'ഹിന്ദു' എന്നതിനെ നിർവചിച്ചത് 'ഇന്ത്യയിലെ മുസ്‌ലിംകൾ അല്ലാത്തവർ' എന്നായിരുന്നു. അങ്ങനെ സാമുദായിക ഭിന്നിപ്പിന് ഭീകര രൂപം നൽകിയാണ് ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കൽ തന്ത്രം നടപ്പാക്കിയത്. ഇങ്ങനെ ജനസംഖ്യാ വിവര രേഖരണങ്ങളിലൂടെ സ്വാതന്ത്ര്യാനന്തരവും സാമുദായിക ധ്രുവീകരണം തുടരുകയുണ്ടായി. പ്രധാനമായും ഇന്ത്യയിൽ ഹിന്ദുക്കൾ ന്യൂനപക്ഷമായി മാറുമെന്ന വലിയ ആശങ്കയിൽ ജനതയെ തളച്ചിട്ട് മുതലെടുപ്പ് നടത്താനാണ് ശ്രമങ്ങളുണ്ടായത്. കൊളോണിയൽ മുദ്രയുള്ള ഇന്ത്യൻ സെൻസസ് നടപടി ക്രമങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സംഘപരിവാറാണ് എന്ന വസ്തുതയെ അടിവരയിടുന്നതാണ് ഈ വിഷയം ഇപ്പോഴും വിവാദമായിക്കൊണ്ടിരിക്കുന്നത്.**

ടുകൂടി പതിനെട്ടാം നൂറ്റാണ്ടിലാണ് യൂറോപ്പിൽ ആദ്യമായി ജനസംഖ്യാ കണകെടുപ്പുകൾ ആരംഭിക്കുന്നത്. ഇന്ത്യയിൽ കൊളോണിയൽ ശക്തികളാണ് സാമൂഹിക വിഭാഗങ്ങളെ കുറിച്ചുള്ള സ്റ്റാറ്റിസ്റ്റിക്കൽ വിവരങ്ങൾ ആദ്യമായി ശേഖരിച്ചത്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയുള്ള കാലയളവുകളിൽ ഓരോ പത്ത് വർഷവും ബ്രിട്ടീഷുകാർ ജനസംഖ്യാ വിവരങ്ങൾ ശേഖരിച്ചിരിന്നു. തങ്ങളുടെ കോളനികളെ കുറിച്ചും അവിടെയുള്ള ജനങ്ങളെ കുറിച്ചും വിശദമായി അറിയാനുള്ള ത്വരയിൽനിന്നാണ് ബ്രിട്ടീഷു കാർ ഇന്ത്യ ഉൾപെടെയുള്ള രാജ്യങ്ങളിൽ വിവരശേഖരണം നടത്തിയത്. പിന്നീട് ചില ഭരണ താൽപര്യങ്ങളുടെ സാക്ഷാൽകാരത്തിന് വേണ്ടിയായി. പുതിയ നികുതികൾ ഈടാക്കുക, പട്ടാളത്തിലേക്ക് റിക്രൂട്ട് ചെയ്യുക, ഫാക്ടറികളിലേക്ക് കൊണ്ടുപോവുക, ക്രിസ്ത്യാനിയായി മതം മാറ്റുക തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടിയാണിതൊക്കെയെന്നുള്ള സംശയം നിമിത്തം അക്കാലത്തെ ജനങ്ങൾ വിവരങ്ങൾ നൽകുന്നതിൽനിന്ന് മടിച്ചുനിന്നതായി പറയപ്പെടുന്നു. ഇന്ത്യയിലെ മത-ജാതി വിഭാഗങ്ങളെ തിരിച്ചറിയുക, അതിലൂടെ ആധിപത്യം ഉറപ്പിക്കുക, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വിഭവങ്ങളെ കുറിച്ച് കൃത്യമായ വിവരം ലഭിക്കുക, തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ക്രിസ്തുമതത്തിന്റെ മിഷണറി പ്രവർത്തനങ്ങൾക്ക് സൗകര്യമുണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഇതുകൊണ്ടുണ്ടായിരുന്നു എന്ന് വ്യക്തമാണ്.

വ്യത്യസ്ത മത, ജാതി, ഗോത്ര വിഭാഗങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം അവ്യക്തമായ സമൂഹങ്ങളായിട്ടാണ് നിലനിന്നിരുന്നത്. വിവരശേഖരണത്തിലൂടെ കൂടുതൽ വ്യക്തത വരുത്താൻ കഴിഞ്ഞു. അവ പുറത്തുവിട്ടതിലൂടെ വ്യതിരിക്തവും പരസ്പരവിരുദ്ധവുമായ വിഭാഗങ്ങളായി സമൂഹം വേർതിരിഞ്ഞു. ഓരോ സമുദായവും അവരുടെ ഭൂമിശാസ്ത്ര വിന്യാസത്തെ കുറിച്ചും ജനസംഖ്യാപരമായ വലിപ്പത്തെ കുറിച്ചും പെട്ടെന്ന് ബോധവാൻമാരായി. ഇതിനെ ഒരു രാഷ്ട്രീയ ആയുധമാക്കുന്നതിൽ ബ്രിട്ടീഷുകാർ അതിസമർഥമായി വിജയിച്ചു. ഹിന്ദുക്കൾ ഭൂരിപക്ഷമാണെന്നും ജാതി, വർഗ ഭേദമന്യെ ഒരു സമുഹമാണെന്നുമുള്ള സന്ദേശമാണ് ജനങ്ങൾക്ക് അവർ കൈമാറിയത്. വ്യത്യസ്ത മതസമൂഹങ്ങളുടെ ഭൂമിശാസ്ത്ര വ്യാപനത്തെ കുറിച്ചുള്ള തിരിച്ചറിവിനും അത് കാരണമായി. മതസ്പർധയിലേക്കും വർഗീയതയിലേക്കും നയിക്കുന്ന മൂർച്ചയുള്ള ആശയമായി അത് ഇന്നും നിലനിൽക്കുന്നു. യഥാർഥ ഇന്ത്യയെ കുറിച്ച് പ്രത്യേകമായ വ്യാഖ്യാനങ്ങൾ ഉണ്ടാക്കുകയും അതിലൂടെ ഇവിടുത്തെ യഥാർഥ ജനവിഭാഗം ഹിന്ദുക്കളാണെന്നും അവരുടെ പുണ്യഭൂമിയാണിതെന്നുമുള്ള ആഖ്യാനങ്ങളുമാണ് ഉണ്ടായത്. അകത്തുള്ളവരും പുറത്തുനിന്ന് വന്നവരുമെന്ന അപരവൽകരണത്തിന്റെ ആശയവും നിർവചനങ്ങളിലേക്ക് ചേർത്തുവച്ചു.

ബ്രിട്ടീഷ് സെൻസസ് സൂപ്രണ്ടായിരുന്ന ജോർജ് ഗ്രീർസൺ 'ഹിന്ദു' എന്നതിനെ നിർവചിച്ചത് 'ഇന്ത്യയിലെ മുസ്‌ലിംകൾ അല്ലാത്തവർ' എന്നായിരുന്നു. അങ്ങനെ സാമുദായിക ഭിന്നിപ്പിന് ഭീകര രൂപം നൽകിയാണ് ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കൽ തന്ത്രം നടപ്പാക്കിയത്. ഇങ്ങനെ ജനസംഖ്യാ വിവര രേഖരണങ്ങളിലൂടെ സ്വാതന്ത്ര്യാനന്തരവും സാമുദായിക ധ്രുവീകരണം തുടരുകയുണ്ടായി. പ്രധാനമായും ഇന്ത്യയിൽ ഹിന്ദുക്കൾ ന്യൂനപക്ഷമായി മാറുമെന്ന വലിയ ആശങ്കയിൽ ജനതയെ തളച്ചിട്ട് മുതലെടുപ്പ് നടത്താനാണ് ശ്രമങ്ങളുണ്ടായത്. കൊളോണിയൽ മുദ്രയുള്ള ഇന്ത്യൻ സെൻസസ് നടപടി ക്രമങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സംഘപരിവാറാണ് എന്ന വസ്തുതയെ അടിവരയിടുന്നതാണ് ഈ വിഷയം ഇപ്പോഴും വിവാദമായിക്കൊണ്ടിരിക്കുന്നത്.

ബിജെപി സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന പൗരത്വ നിയമ ഭേദഗതിയിലേക്കുള്ള പടവുകളാണിത്തരം പ്രസ്താവനകൾ. ഭരണഘടന, നീതിന്യായ വ്യവസ്ഥ, നിയമ



നിർമാണം, നിയമ പരിപാലനം; ഇതെല്ലാം ചേർന്ന ഭരണകൂട സംവിധാനത്തിന്റെ ആത്യന്തികമായ അടയാള വാക്യമാണ് പൗരത്വം. ജനസംഖ്യാ വിവാദങ്ങളിലൂടെ ജനങ്ങളെ വേർതിരിച്ച് മുസ്‌ലിം സമൂഹത്തിന് പൗരത്വത്തെ അന്യമാക്കാനുള്ള ശ്രമങ്ങളാണ് അധികാരികൾ നടത്തുന്നത്.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെല്ലാം അപ്രാപ്യമായ നിയമഭേദഗതിക്കായി ശ്രമം നടക്കുന്നുണ്ട്. കാശ്മീരും ലക്ഷദ്വീപും സമീപകാലത്ത് ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. ഇത് ഭരണകൂടത്തിൻെറ സ്വാർഥതയാണ്. കാശ്മീർ പ്രശ്നം കലുഷിതമാക്കി അതിൻെറ മുറിവ് ഉണങ്ങും മുമ്പ് ആസാം പ്രശ്നം തൊടുത്തുവിട്ടുകൊണ്ട് ഭരണകൂടം അതിൻെറ ഹിംസാത്മക സ്വഭാവത്തിൽ ആനന്ദിക്കുകയാണ്. അതിനുശേഷം സിഎഎ, എൻആർസി നിയമനിർമാണങ്ങളിലും രാഷ്ട്രത്തിൻെറ അടിസ്ഥാനശിലകൾ ഇളക്കിമാറ്റിക്കൊണ്ടിരിക്കുന്നുണ്ട്. പൗരത്വരഹിതരായ സമൂഹത്തെ സൃഷ്ടിക്കാനുള്ള അതി തീവ്രശ്രമങ്ങളിലാണ് ഭരണകൂടം. നാടെമ്പാടും തടങ്കൽ പാളയങ്ങൾ നിർമിച്ച് ജനങ്ങളെ അടച്ചിട്ട് മനുസ്മൃതി ഭരണഘടനയാക്കി സുഖഭരണം നടത്താൻ അവർ കാത്തിരിക്കുകയാണ്. അതിലേക്കുള്ള ചവിട്ടുപടികളായി പ്രസ്താവനകളും

**ഒരു രാഷ്ട്രം നിലകൊള്ളുന്ന അടിസ്ഥാന നൈതികബോധ്യങ്ങളെ അവർ പരിഗണിക്കുന്നില്ല. അതിൻെറ ചരിത്രപരതയെ അവർ അവഗണിക്കുന്നു. നിരന്തരമായ സംവാദങ്ങളെയും സമവായങ്ങളെയും സമ്മതികളെയും അവർ ഭയപ്പെടുന്നു. നൈതികബോധ്യങ്ങളെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഇത്തരം ഘടകങ്ങളെ അവർ നിരാകരിക്കുന്നു. കാരണം അവരുടെ ആദർശവും ആശയവും മാനവികമല്ല. മനുഷ്യത്വം തൊട്ടുതീണ്ടിയില്ലാത്ത ഭീകര ചിന്തകളും അന്യരെ കുറിച്ചുള്ള ഭീതിയുമാണ് അവരെ നയിച്ചുകൊണ്ടിരിക്കുന്നത്. മാനവചരിത്രത്തിലെ കറുത്ത ഏടുകളായി ചിത്രീകരിക്കപ്പെട്ട, മനുഷ്യകബന്ധങ്ങളിൽ സിംഹാസനം പണിത, അധികാരദാഹത്താൽ തുല്യതയില്ലാത്ത ക്രൂരതകൾക്ക് നേതൃത്വം നൽകിയ ഹിറ്റ്ലറെയും മുസോളനിയെയും മാതൃകയാക്കിയവരാണവർ. നാസിസവും ഫാസിസവുമാണവരുടെ ദർശനം.**

വർഗസംഘട്ടനങ്ങളും ആൾക്കൂട്ട കൊലപാതകങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ദളിത്-പിന്നാക്ക വിഭാഗങ്ങളെ ക്രൂരമായി വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. അതിന് വേണ്ടി മാത്രം വ്യാജവർത്തമാനങ്ങൾ പടച്ചുണ്ടാക്കാൻ കുറെ മാധ്യമ തമ്പുരാക്കളെ വിലക്കെടുത്തിരിക്കുന്നു.

ഒരു രാഷ്ട്രം നിലകൊള്ളുന്ന അടിസ്ഥാന നൈതികബോധ്യങ്ങളെ അവർ പരിഗണിക്കുന്നില്ല. അതിൻെറ ചരിത്രപരതയെ അവർ അവഗണിക്കുന്നു. നിരന്തരമായ സംവാദങ്ങളെയും സമവായങ്ങളെയും സമ്മതികളെയും അവർ ഭയപ്പെടുന്നു. നൈതികബോധ്യങ്ങളെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഇത്തരം ഘടകങ്ങളെ അവർ നിരാകരിക്കുന്നു. കാരണം അവരുടെ ആദർശവും ആശയവും മാനവികമല്ല. മനുഷ്യത്വം തൊട്ടുതീണ്ടിയില്ലാത്ത ഭീകര ചിന്തകളും അന്യരെ കുറിച്ചുള്ള ഭീതിയുമാണ് അവരെ നയിച്ചുകൊണ്ടിരിക്കുന്നത്. മാനവചരിത്രത്തിലെ കറുത്ത ഏടുകളായി ചിത്രീകരിക്കപ്പെട്ട, മനുഷ്യകബന്ധങ്ങളിൽ സിംഹാസനം പണിത, അധികാരദാഹത്താൽ തുല്യതയില്ലാത്ത ക്രൂരതകൾക്ക് നേതൃത്വം നൽകിയ ഹിറ്റ്ലറെയും മുസോളനിയെയും മാതൃകയാക്കിയവരാണവർ. നാസിസവും ഫാസിസവുമാണവരുടെ ദർശനം.




# സഹനത്തിന്റെ അനിവാര്യത

ഹുസൈൻ സലഫി
: +971 50 634 6963

**എങ്ങനെയാണ് മാനസികമായ സഹനം?**

രോഗിയെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റത്തെ ക്ഷമയാണ് പുണ്യത്തിന് കാരണമായി പറയുന്നത്. നല്ല സഹനം വേണം. അത് എങ്ങനെയൊക്കെയാകണം?

1. മനസ്സിനെ പിടിച്ച് നിർത്തുക: രോഗം വന്നതിൽ അക്ഷമ കാണിക്കരുത്. അല്ലാഹുവിനോടുള്ള വെറുപ്പ് മനസ്സിലുണ്ടാവരുത്. അങ്ങനെ അക്ഷമയും വെറുപ്പും കോപവുമൊന്നും മനസ്സിൽ വരാതെ തന്റെ മനസ്സിനെ സംതൃപ്തമാക്കി പിടിച്ചുനിർത്താൻ അവന് കഴിയണം. അതാണ് മാനസികമായ കരുത്ത്.

2. നാവിനെ നിയന്ത്രിക്കുക: രോഗിയായി കിടക്കുന്ന സന്ദർഭത്തിൽ, തനിക്ക് ബാധിച്ച പ്രയാസങ്ങളും വേദനകളും തന്റെ ദുഃഖവും തന്നെ സന്ദർശിക്കാൻ വരുന്നവരുടെ മുന്നിൽ എടുത്തുപറയുകയും ഇതെന്റെ ദുർവിധിയാണെന്ന് വിലപിക്കുകയും ചെയ്യുന്നത് ശരിയല്ല.

എന്നാൽ ചികിത്സക്കായി ഡോക്ടറെ കാണുന്നതും അദ്ദേഹത്തോട് തന്റെ രോഗവിവരവും അതിന്റെ പ്രയാസങ്ങളും വിവരിക്കുന്നതും തെറ്റല്ല. എന്ന് മാത്രമല്ല, അത് അനിവാര്യവുമാണ്.

**ഡോക്ടറെ സമീപിക്കലും ചികിത്സ ലഭ്യമാക്കലും അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഒരു കാരണമാണ്. അല്ലാഹു നിശ്ചയിച്ചിട്ടുള്ള കാരണങ്ങളെ സമീപിക്കുന്നത് അല്ലാഹുവിലുള്ള തവക്കുലിന് ഒരിക്കലും എതിരാവുന്നില്ല. അതേയവസരത്തിൽ സൃഷ്ടികളോട് രോഗത്തിന്റെ കാരണങ്ങൾ വിവരിച്ച്, പരാതിയും വേവലാതിയും പരിഭവവും പറഞ്ഞുകൊണ്ടിരിക്കുന്ന സമീപനം ഒരു വിശ്വാസിയിൽനിന്ന് ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നാണ് മഹാൻമാരായ പണ്ഡിതൻമാർ ഹദീസുകളുടെ വെളിച്ചത്തിൽ നമുക്ക് പഠിപ്പിച്ച് തരുന്നത്.**

ഡോക്ടറെ സമീപിക്കലും ചികിത്സ ലഭ്യമാക്കലും അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഒരു കാരണമാണ്. അല്ലാഹു നിശ്ചയിച്ചിട്ടുള്ള കാരണങ്ങളെ സമീപിക്കുന്നത് അല്ലാഹുവിലുള്ള തവക്കുലിന് ഒരിക്കലും എതിരാവുന്നില്ല. അതേയവസരത്തിൽ സൃഷ്ടികളോട് രോഗത്തിന്റെ കാരണങ്ങൾ വിവരിച്ച്, പരാതിയും വേവലാതിയും പരിഭവവും പറഞ്ഞുകൊണ്ടിരിക്കുന്ന സമീപനം ഒരു വിശ്വാസിയിൽനിന്ന് ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നാണ് മഹാൻമാരായ പണ്ഡിതൻമാർ ഹദീസുകളുടെ വെളിച്ചത്തിൽ നമുക്ക് പഠിപ്പിച്ച് തരുന്നത്.

3. ക്ഷമക്ക് വിരുദ്ധമായിട്ടുള്ള ഒരു പ്രവർത്തനവും ചെയ്യരുത്: പ്രയാസത്തിന്റെ കാഠിന്യത്തിൽ മനസ്സിനെ ഈമാനിൽ പിടിച്ചു നിർത്താൻ സാധിക്കാതെവരികയും അങ്ങനെ ആത്മഹത്യയിൽ അഭയം തേടുകയും ചെയ്യുന്നവരുടെ എണ്ണം സമൂഹത്തിൽ ഇന്ന് വർധിച്ചുവരികയാണ്.

വിശുദ്ധ ക്വുർആൻ പറയുന്നു: “നിങ്ങൾ നിങ്ങളെത്തന്നെ കൊന്നുകളയരുത്. നിശ്ചയമായും അല്ലാഹു നിങ്ങളോട് ഏറെ കരുണയുള്ളവനാകുന്നു” (സുറതുന്നിസാഅ്:29).

ഏതൊരു വിപൽഘട്ടത്തിലും ഇത് എന്റെ രക്ഷിതാവ് എനിക്ക് നിശ്ചയിച്ചതാണ് എന്ന വിശ്വാസം ഒരു വിശ്വാസിയിൽ കരുത്ത് പകരുന്നതാണ്. ഈമാൻകാര്യങ്ങളിൽ ആറാമത്തേത് നന്മയും തിന്മയും അല്ലാഹുവിൽനിന്നാണെന്ന് വിശ്വസിക്കലാണല്ലോ.

എന്ത് ബാധിക്കുമ്പോഴും മനുഷ്യൻ അവന്റെ മനസ്സിനെ പഠിപ്പിക്കേണ്ട വലിയ പാഠമാണ് അല്ലാഹു നബി(സ്വ)യെ പഠിപ്പിക്കുന്നത്:

“നബിയേ, പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെമേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്” (സൂറതുത്തൗബ:51).

നമുക്ക് ബാധിക്കുന്ന എന്തും അല്ലാഹുവിന്റെ തീരുമാനത്തിൽ ഉണ്ടെങ്കിൽ നമ്മൾ ആവലാതിപ്പെട്ടതുകൊണ്ടോ പരിതപിച്ചതുകൊണ്ടോ കാര്യമില്ല. അതെല്ലാം നാം അനുഭവിച്ചേതീരൂ. ഈ ചിന്ത മനസ്സിൽ എപ്പോഴും ഉണ്ടായാൽ മനസ്സിനെ നിയന്ത്രിക്കാൻ കഴിയും എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

അല്ലാഹുവിന്റെ രേഖയിൽ എന്തെല്ലാം ഉണ്ടെന്ന് നമുക്കൊരിക്കലും അറിയുകയില്ല. അതിനാൽ അല്ലാഹുവിന്റെ തീരുമാനം മാത്രമെ ഇവിടെ ഉണ്ടാവുകയുള്ളൂവെന്ന് നാം മനസ്സിലാക്കുക. അല്ലാഹു പറയുന്നു:

“ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽതന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായി





ട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പുതന്നെ ഒരു രേഖയിൽ ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു'' (സൂറതുൽ ഹദീദ്:22).

നബി(സ്വ) ഇപ്രകാരം പറഞ്ഞതായി കാണാം: "അല്ലാഹു സൃഷ്ടികളുടെ ഓരോ കാര്യവും ആകാശഭൂമികൾ സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം കൊല്ലങ്ങൾക്ക് മുമ്പുതന്നെ എഴുതിവച്ചിട്ടുണ്ട്'' (മുസ്‌ലിം).

പിന്നെ എന്തിനാണ് നമ്മൾ വിഷമിക്കുന്നത്? വിഷമിച്ചിട്ടും അക്ഷമ കാണിച്ചിട്ടും എന്ത് കാര്യം?

നമുക്ക് നന്മ കിട്ടിയാൽ അഹങ്കരിക്കാതെ അല്ലാഹുവിനോട് നന്ദി കാണിക്കുക. തിന്മയാണ് ബാധിച്ചതെങ്കിൽ അക്ഷമയും വെപ്രാളവും കാണിക്കാതെ സഹിക്കുക, ക്ഷമ കൈക്കൊള്ളുക. എങ്കിൽ അത് നമുക്ക് നന്മയായി ഭവിക്കും.

ജീവിതം അവസാനിപ്പിച്ചുതരണേ എന്ന് അല്ലാഹുവിനോട് പറയാൻ പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അപ്പോൾ ഒരാൾ സ്വന്തം ജീവനെ നശിപ്പിച്ചാൽ എന്തായിരിക്കും അതിന്റെ പര്യവസാനം? എത്ര വലിയവൻ ചെയ്താലും അത് വലിയ പാതകമാണ്. അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസക്കുറവുകൊണ്ടാണ് നിരാശ ബാധിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും എന്നതിൽ സംശയമില്ല.

അല്ലാഹു ഓർമിപ്പിക്കുന്നത് കാണുക: "...അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്...'' (സൂറതുസ്സുമർ: 53).

**എന്തുകൊണ്ട് ആത്മഹത്യ?**

സ്വന്തം ആഗ്രഹങ്ങൾ ഒരിക്കലും നടക്കുകയില്ലെന്ന് മാനസികമായി ഉറപ്പിക്കുമ്പോഴാണ് ആളുകൾ ആത്മഹത്യയിൽ അഭയംതേടുന്നത്. അല്ലാഹുവിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരാളിൽ ഒരിക്കലും നിരാശയുണ്ടാകില്ല. എപ്പോഴും നല്ല പ്രതീക്ഷയാണ് അല്ലാഹുവിനെക്കുറിച്ച് വേണ്ടത്. അല്ലാഹു എന്നെ കൈവെടിയുകയില്ല, അല്ലാഹു എന്നെ രക്ഷിക്കും, അല്ലാഹു എന്നെ സഹായിക്കും, അല്ലാഹു എന്നെ കഷ്ടപ്പെടുത്തുകയില്ല എന്നൊക്കെയാണ് എപ്പോഴും മനസ്സിൽ വേണ്ടത്. ഈ ബോധം ഈമാനിന്റെ ഭാഗമാണ്.

ക്വുദ്സിയായ ഒരു ഹദീസിൽ ഇങ്ങനെ കാണാം: "എന്റെ അടിമ എന്നെക്കുറിച്ച് എന്താണോ വിചാരിക്കുന്നത്, അതുപോലെയാണ് ഞാനവനോട് ഇടപെടുന്നത്'' (മുസ്നദു അഹ്മദ്).

**നമുക്ക് നന്മ കിട്ടിയാൽ അഹങ്കരിക്കാതെ അല്ലാഹുവിനോട് നന്ദി കാണിക്കുക. തിന്മയാണ് ബാധിച്ചതെങ്കിൽ അക്ഷമയും വെപ്രാളവും കാണിക്കാതെ സഹിക്കുക, ക്ഷമ കൈക്കൊള്ളുക. എങ്കിൽ അത് നമുക്ക് നന്മയായി ഭവിക്കും. ജീവിതം അവസാനിപ്പിച്ചുതരണേ എന്ന് അല്ലാഹുവിനോട് പറയാൻ പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അപ്പോൾ ഒരാൾ സ്വന്തം ജീവനെ നശിപ്പിച്ചാൽ എന്തായിരിക്കും അതിന്റെ പര്യവസാനം? എത്ര വലിയവൻ ചെയ്താലും അത് വലിയ പാതകമാണ്. അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസക്കുറവുകൊണ്ടാണ് നിരാശ ബാധിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും എന്നതിൽ സംശയമില്ല.**

ഹുവിനെ കൈവിടാതിരുന്നാൽ അല്ലാഹു നമ്മെയും കൈവിടില്ല എന്ന് ഈ ചരിത്രസത്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

യഅ്ക്വൂബ് നബി(അ) തന്റെ മക്കളോട് പറയുന്നത് കാണുക: "അല്ലാഹുവിങ്കൽനിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച" (സൂറതു യൂസുഫ്:87).

ഈ ആയത്തിലൂടെ നിരാശ അവിശ്വാസികളുടെ സ്വഭാവമാണെന്ന് യഅ്ക്വൂബ് നബി(അ) പഠിപ്പിക്കുന്നു. ഒരു വിശ്വാസിക്ക് നിരാശപ്പെടുന്ന ഒരു അവസ്ഥ ഉണ്ടായിക്കൂടാ എന്ന് സാരം.

പൂർവിക സമുദായത്തിൽ പെട്ട ഒരാളുടെ ചരിത്രം നബി(സ്വ) പഠിപ്പിക്കുന്നു: "നിങ്ങളുടെ മുമ്പുള്ള സമുദായത്തിൽ ഒരാളുണ്ടായിരുന്നു. അയാൾക്ക് നല്ലൊരു മുറിവേറ്റു. ആ മുറിവിന്റെ വേദന സഹിക്കാൻ വയ്യാതെ അയാൾ ഒരു കത്തി എടുത്തു. അദ്ദേഹം തന്റെ കയ്യിൽ കത്തികൊണ്ട് മുറിവേൽപിച്ചു. മരിക്കുന്നതുവരെ ആ രക്തപ്രവാഹം നിലച്ചില്ല. അപ്പോൾ അല്ലാഹു പറഞ്ഞു: എന്റെ അടിമ അവന്റെ ജീവനുംകൊണ്ട് ധൃതി കൂട്ടി പോയി. അതുകൊണ്ട് അവന്റെമേൽ ഞാൻ സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

എല്ലാ ബുദ്ധിമുട്ടും അവസാനിക്കുമെന്ന് കരുതിയാണ് മനുഷ്യർ മരണത്തിലേക്ക് എടുത്തുചാടുന്നത്. എന്നാൽ അത് ശാശ്വതമായ ശിക്ഷയിലേക്കുള്ള ചാട്ടമാണ്. ആത്മഹത്യ ഒരു പ്രശ്നത്തിനും പരിഹാരമല്ല. മറിച്ച് അത് പ്രശ്നമാണ്. പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്.

ഒരുപാട് സൽകർമങ്ങൾ ചെയ്യുന്ന മനുഷ്യർപോലും അവസാനം നരകക്കാരായി മാറുന്ന അവസ്ഥയുണ്ടായേക്കാം. നബി(സ്വ) ഈ

മുന്നിൽ കടൽ, പിന്നിൽ അക്രമികൾ! എല്ലാ ആശയും മുറിഞ്ഞു പോകുന്ന സമയം! ആ സമയത്ത് മൂസാ നബി(അ) അനുയായികളോട് ശുഭപ്രതീക്ഷയുള്ള വർത്തമാനം പറയുകയും അവർക്ക് ധൈര്യം പകരുകയും ചെയ്തു: "അദ്ദേഹം (മൂസാ) പറഞ്ഞു: ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും" (സൂറതുശ്ശുഅറാഅ്: 62).

ഇപ്രകാരം അനുയായികളെ സമാധാനിപ്പിച്ച മൂസാ നബി (അ)യോട് അല്ലാഹു പറഞ്ഞു: "അപ്പോൾ നാം മൂസായ്ക്ക് ബോധനം നൽകി; നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കൂ എന്ന്. അങ്ങനെ അത് (കടൽ) പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പർവതംപോലെ ആയിത്തീരുകയും ചെയ്തു" (സൂറതുശ്ശുഅറാഅ്:63).

കയ്യിലുള്ള വടികൊണ്ട് അടിച്ചപ്പോൾ സമുദ്രം പർവതംപോലെ രണ്ടു ഭാഗത്തേക്ക് മാറിനിന്നു. ഇടയിലുള്ള വഴിയിലൂടെ കാറ്റടിച്ചു. ചളിയും വെള്ളവുമെല്ലാം ഉണങ്ങി. അതിലൂടെ ഒരു നടപ്പാത ഒരുങ്ങി. മൂസാ നബി(അ) ബനൂഇസ്‌റാഈല്യരെയുംകൊണ്ട് അതിലൂടെ രക്ഷപ്പെടുകയും ചെയ്തു.

പ്രതിസന്ധി ഘട്ടത്തിൽ അല്ലാഹു എന്റെ പ്രയാസം നീക്കിത്തരുമെന്നാണ് ഒരാളുടെ വിചാരമെങ്കിൽ അല്ലാഹു അത് നീക്കിക്കൊടുത്തേക്കാം. എന്റെ ദുരിതം അല്ലാഹു മാറ്റിത്തരില്ല എന്നാണ് ഒരാൾ വിചാരിക്കുന്നതെങ്കിൽ മാറ്റിക്കൊടുക്കുവാനും സാധ്യതയില്ല എന്നർഥം.

പ്രവാചകന്മാർക്ക് ഏൽക്കേണ്ടി വന്നിട്ടുള്ള പ്രയാസങ്ങളും പരീക്ഷണങ്ങളും എത്രമാത്രം കഠിനമായിരുന്നുവെന്ന് ക്വുർആനും ഹദീസും നമ്മെ പഠിപ്പിക്കുന്നുണ്ട്. നിരന്തരമായ കൊടിയപീഡനവും വംശീയ ഉൻമൂലനശ്രമവും അനുഭവിച്ചുകൊണ്ടിരുന്ന ബനൂഇസ്‌റാഈല്യരെ രക്ഷപ്പെടുത്തുവാൻ അവരിലേക്ക് പ്രവാചകനായി അയക്കപ്പെട്ട മൂസാ നബി(അ) അവരുമായി പലായനം ചെയ്യുന്ന വേളയിൽ ഫിർഔനും അവന്റെ സൈന്യവും അവരെ പിന്തുടർന്നു. ചെങ്കടലിന്റെ സമീപമെത്തിയപ്പോൾ മൂസാ നബി(അ)യോട് ബനൂഇസ്‌റാഈല്യർ പേടിയോടെ പറഞ്ഞ കാര്യം ക്വുർആൻ നമ്മെ അറിയിക്കുന്നു:

"അങ്ങനെ രണ്ട് സംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ അനുചരൻമാർ പറഞ്ഞു: തീർച്ചയായും നാം പിടിയിലകപ്പെടാൻ പോകുകയാണ്" (സൂറതുശ്ശുഅറാഅ്:61).

**സ്വന്തം ആഗ്രഹങ്ങൾ ഒരിക്കലും നടക്കുകയില്ലെന്ന് മാനസികമായി ഉറപ്പിക്കുമ്പോഴാണ് ആളുകൾ ആത്മഹത്യയിൽ അഭയംതേടുന്നത്. അല്ലാഹുവിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരാളിൽ ഒരിക്കലും നിരാശയുണ്ടാകില്ല. എപ്പോഴും നല്ല പ്രതീക്ഷയാണ് അല്ലാഹുവിനെക്കുറിച്ച് വേണ്ടത്. അല്ലാഹു എന്നെ കൈവെടിയുകയില്ല, അല്ലാഹു എന്നെ രക്ഷിക്കും, അല്ലാഹു എന്നെ സഹായിക്കും, അല്ലാഹു എന്നെ കഷ്ടപ്പെടുത്തുകയില്ല എന്നൊക്കെയാണ് എപ്പോഴും മനസ്സിൽ വേണ്ടത്. ഈ ബോധം ഈമാനിന്റെ ഭാഗമാണ്.**

വിഷയത്തിൽ പറഞ്ഞത് ഇപ്രകാരമാകുന്നു:

"...റസൂലിന്റെ അനുചരൻമാരിൽ ഒരാളുണ്ടായിരുന്നു. ശത്രുക്കളിൽ ഒറ്റയും തെറ്റയുമായി നടക്കുന്ന ഒരുത്തനെയും പിന്തുടർന്ന് തന്റെ വാളിന്നിരയാക്കാതെ അയാൾ വിടുമായിരുന്നില്ല. അദ്ദേഹത്തെക്കുറിച്ച് ഒരാൾ ഇങ്ങനെ പറഞ്ഞു: 'ഇന്നയാൾ ചെയ്തതുപോലെയുള്ള സേവനം നമ്മുടെ കൂട്ടത്തിൽ മറ്റൊരാളും ചെയ്തിട്ടില്ല.' അന്നേരം റസൂൽ(സ്വ) പറഞ്ഞു: 'അറിയുക, അയാൾ നരകാവകാശിയാകുന്നു, തീർച്ച!' അപ്പോൾ കൂട്ടത്തിലൊരാൾ പറഞ്ഞു: 'ഞാൻ അവനെ അനുഗമിച്ചു നോക്കാം.' അങ്ങനെ അദ്ദേഹം അയാൾക്കൊപ്പം ഇറങ്ങിത്തിരിച്ചു. അയാൾ നിൽക്കുമ്പോഴൊക്കെ അദ്ദേഹവും നിൽക്കും. അയാൾ വേഗത കൂട്ടിയാൽ അദ്ദേഹവും വേഗത കൂട്ടും. അങ്ങനെ ആ മനുഷ്യന് സാരമായ ഒരു പരിക്ക് പറ്റി. അതോടെ അയാൾ മരിക്കാൻ ധൃതികാണിച്ചു. തന്റെ വാൾ ഭൂമിയിൽ വെച്ച് അതിന്റെ വായ്ത്തല തന്റെ നെഞ്ചിനിടയിലാക്കി അതിൽ ശരീരം അമർത്തി അയാൾ ആത്മഹത്യചെയ്തു. അനന്തരം അയാളെ അനുഗമിച്ച വ്യക്തി റസൂലി(സ്വ)ന്റെ അടുത്തു ചെന്ന് പ്രഖ്യാപിച്ചു: 'ഞാനിതാ സാക്ഷ്യം വഹിക്കുന്നു. അങ്ങ് അല്ലാഹുവിന്റെ ദൂതൻ തന്നെ.' റസൂൽ ചോദിച്ചു: എന്താണ് സംഭവം? അയാൾ വിശദമാക്കി...അന്നേരം അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞു: 'ജനദൃഷ്ടിയിൽ സ്വർഗാവകാശികളുടെ കർമങ്ങൾ ചെയ്യുന്ന ഒരാൾ നരകാവകാശിയായിരിക്കാം. ജനങ്ങളുടെ ദൃഷ്ടിയിൽ നരകാവകാശികളുടെ കർമങ്ങൾ ചെയ്യുന്ന ഒരാൾ സ്വർഗാവകാശിയായിരിക്കാം' (ബുഖാരി, മുസ്‌ലിം).

ഓരോ മനുഷ്യന്റെയും ജീവിതാന്ത്യം വിലയിരുത്തിയാണ് അല്ലാഹു അവന് പ്രതിഫലം നൽകുന്നത്. ജീവിതത്തിന്റെ ബാല്യത്തിലും യൗവനത്തിലും ഭയഭക്തനായി ജീവിച്ച് അവസാനം അവിശ്വാസത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മരണമടഞ്ഞവന് അവൻ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ചെയ്ത കാര്യങ്ങൾ പരിഗണിച്ച് സ്വർഗം നൽകപ്പെടുന്ന പ്രശ്നമേയുദിക്കുന്നില്ല. മറിച്ച്, ചെറുപ്പം മുതൽ താന്തോന്നിയായി ജീവിക്കുകയും അവസാനം തക്‌വയുള്ള ജീവിതത്തിലേക്ക് മടങ്ങി കുറച്ചുകാലം മാത്രം നല്ലനിലയിൽ ജീവിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തിട്ടുള്ളവൻ സ്വർഗാവകാശിയായിരിക്കും. അന്ത്യം നന്നാവലാണ് ഏറ്റവും പ്രധാനം; അതാണ് അല്ലാഹു പരലോകത്ത് പരിഗണിക്കുക എന്ന് സാരം.

ഈ സാധ്യതകളെല്ലാം മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് നമ്മുടെ ജീവിതാന്ത്യം നന്നാക്കുവാൻ വേണ്ടി റസൂൽ(സ്വ) നമ്മോട് ആഹ്വാനം ചെയ്തത്.

മഹാനായ യൂസുഫ് നബി (അ)യുടെ പ്രാർഥന കാണുക: "നീ എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ" (സൂറതു യൂസുഫ്:102).

പ്രവാചകൻ(സ്വ) പതിവായി പ്രാർഥിക്കാറുള്ള ഒരു പ്രാർഥന കാണുക: "ഹൃദയങ്ങളെ മാറ്റിമറിക്കുന്ന അല്ലാഹുവേ, എന്റെ ഹൃദയത്തെ നീ നിന്റെ ദീനിൽ അടിയുറച്ച് നിർത്തേണമേ."

പരിശുദ്ധ ക്വുർആനിലൂടെ അല്ലാഹു പഠിപ്പിക്കുന്ന പ്രാർഥനകളിൽ ഒന്ന് ഇപ്രകാരമാണ്: "...ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു" (സൂറതു ആലുഇംറാൻ:9).

മറ്റൊരു പ്രാർഥന: "നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽനിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു" (സൂറതുൽ മുഅ്മിനൂൻ:97,98).

മനുഷ്യന്റെ അന്ത്യം നാശത്തിലാക്കാൻ പിശാച് ജാഗരൂകമായിരിക്കുകയാണെന്നും അവസരം കിട്ടുമ്പോഴെല്ലാം അവൻ പിഴപ്പിക്കുമെന്നും പരിശുദ്ധ ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

റസൂൽ(സ്വ) അരുളിയതായി ഇങ്ങനെ കാണാം: "ആരെങ്കിലും ശ്വാസം മുട്ടിച്ച് ആത്മഹത്യ ചെയ്താൽ നരകത്തിൽവച്ച് അവൻ സ്വയം ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കും. ആരെങ്കിലും സ്വദേഹത്തിൽ

**ഓരോ മനുഷ്യന്റെയും ജീവിതാന്ത്യം വിലയിരുത്തിയാണ് അല്ലാഹു അവന് പ്രതിഫലം നൽകുന്നത്. ജീവിതത്തിന്റെ ബാല്യത്തിലും യൗവനത്തിലും ഭയഭക്തനായി ജീവിച്ച് അവസാനം അവിശ്വാസത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മരണമടഞ്ഞവന് അവൻ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ചെയ്ത കാര്യങ്ങൾ പരിഗണിച്ച് സ്വർഗം നൽകപ്പെടുന്ന പ്രശ്നമേയുദിക്കുന്നില്ല. മറിച്ച്, ചെറുപ്പം മുതൽ താന്തോന്നിയായി ജീവിക്കുകയും അവസാനം തക്‌വയുള്ള ജീവിതത്തിലേക്ക് മടങ്ങി കുറച്ചുകാലം മാത്രം നല്ലനിലയിൽ ജീവിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തിട്ടുള്ളവൻ സ്വർഗാവകാശിയായിരിക്കും. അന്ത്യം നന്നാവലാണ് ഏറ്റവും പ്രധാനം; അതാണ് അല്ലാഹു പരലോകത്ത് പരിഗണിക്കുക എന്ന് സാരം.**



കുത്തി ആത്മഹത്യ ചെയ്താൽ നരകത്തിൽവച്ച് അവൻ സ്വയം മുറിവേൽപിച്ചുകൊണ്ടേയിരിക്കും" (ബുഖാരി).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; റസൂൽ (സ്വ) പറഞ്ഞു: "ഒരാൾ മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ അവൻ നരകത്തിലും അപ്രകാരം നിത്യവും വീണുകൊണ്ടേയിരിക്കും. വിഷം കഴിച്ച് ആത്മഹത്യ ചെയ്തവൻ നരകത്തിൽ എന്നെന്നും വിഷം കഴിച്ചുകൊണ്ടേിരിക്കും. അവന്റെ കൈയിൽ അവന്റെ വിഷം എപ്പോഴും ഉണ്ടായിരിക്കും. ഒരാൾ ആയുധം ഉപയോഗിച്ച് സ്വശരീരത്തെ വധിച്ചാൽ അവൻ കാലാകാലവും നരകത്തിൽവച്ച് ആയുധംകൊണ്ട് തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. ആ ആയുധം അവന്റെ കയ്യിൽ എപ്പോഴും ഉണ്ടായിരിക്കും" (ബുഖാരി).

ആത്മഹത്യ ചെയ്യുന്നവരിൽ മിക്കവരും മുമ്പേതന്നെ ആത്മഹത്യ ചെയ്യണം എന്ന് തീരുമാനിച്ച് ചെയ്യുന്നവരല്ല. അങ്ങനെയുള്ളവർ വളരെ കുറവായിരിക്കും. ആത്മഹത്യ ചെയ്യണം എന്ന് വിചാരിച്ച് നടക്കുന്നവർ മിക്കവാറും മാനസിക രോഗികളെ പോലെയുള്ളവരായിരിക്കും. അധിക ആത്മഹത്യകളും പെട്ടെന്നുണ്ടാകുന്ന ഒരു ക്ഷമകേടിൽ ചെയ്തുപോകുന്നതാണ്. ഏത് രൂപത്തിൽ ആത്മഹത്യ ചെയ്താലും നബി(സ്വ) പറയുന്നത് ആ ശിക്ഷ അവൻ കാലാകാലം നരകത്തിലും തുടരുമെന്നാണ്.

നബി(സ്വ) പഠിപ്പിച്ച ഒരു പ്രാർഥന കാണുക: "ഹയ്യും (എന്നെന്നും ജീവിച്ചിരിക്കുന്നവനും) ഖയ്യൂമുമായ (എല്ലാം നിയന്ത്രിക്കുന്നവനുമായ) അല്ലാഹുവേ, നിന്റെ കാരുണ്യം മുഖേന നിന്നോട് ഞാൻ സഹായം ചോദിക്കുന്നു. എന്റെ എല്ലാ കാര്യങ്ങളും നീ നന്നാക്കിത്തരേണമേ. ഒരു കണ്ണിമവെട്ടുന്ന നേരത്തേക്ക് പോലും എന്റെ കാര്യം എന്നിലേക്ക് നീ ഏൽപിക്കരുതേ" (ഹാകിം).

എപ്പോഴും പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് നാം കരുതരുതെന്ന് ഇമാം ശാഫിഈ(റഹി) എഴുതിയതായി അദ്ദേഹത്തിന്റെ 'ദീവാനു ശാഫിഈ' എന്ന കവിതാ സമാഹാരത്തിൽ കാണാം. സാരസമ്പുഷ്ടമായ ആ കവിതാസമഹാരത്തിലെ ചില വരികൾ കാണുക:

"ഓ മനുഷ്യാ, നിനക്ക് പ്രയാസങ്ങളും പ്രതിസന്ധികളും രാപകലില്ലാതെ ഉരുണ്ടുകൂടിയിട്ട് നിന്റെ മനസ്സിൽ പ്രതിസന്ധികൾ വരുമ്പോൾ നീ ക്ഷമകേട് കാണിക്കരുത്. ദുൻയാവിലെ ഒരു കാര്യവും ശാശ്വതമല്ല എന്നുള്ളത് നിന്റെ മനസ്സിനെ നീ പഠിപ്പിക്കണം. പ്രതിസന്ധികളിലും പ്രയാസങ്ങളിലും മലപോലെ പൗരുഷം പൂണ്ട് നീ ഉറച്ചുനിൽക്കുക. വിട്ടുവീഴ്ചയും നന്മകളുടെ പൂർത്തീകരണവും നീ നിന്റെ മുഖമുദ്രയാക്കുക."

"നിനക്ക് ദുൻയാവിൽ സന്തോഷം ശാശ്വതമല്ലാത്തതുപോലെ ഈ ദുൻയാവിൽ ശാശ്വതമായി ദുഃഖിക്കേണ്ടിയും വരില്ല. സന്തോഷം കുറച്ചുകഴിഞ്ഞാൽ സങ്കടമാവുന്നുണ്ടല്ലോ! അതുപോലെ സങ്കടം വരുമ്പോഴും കുറച്ച് കഴിഞ്ഞാൽ സന്തോഷം വരുമെന്ന് നീ ചിന്തിക്കണം."

അല്ലാഹു പറയുന്നു: "തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും" (സൂറതുൽ ഇൻശിറാഹ്:6).

മാനസികമായി പ്രയാസങ്ങളുണ്ടാകുമ്പോൾ അത് വേറൊരാളോട് തുറന്നുപറയുന്നതിലൂടെ വളരെയധികം ആശ്വാസം ലഭിക്കും. അതാണ് ഇന്നത്തെ കൗൺസിലിങ് സെന്ററുകളിൽ നടക്കുന്നത്. പ്രയാസവും ബുദ്ധിമുട്ടുകളുമുള്ള ആളുകളോട് കൗൺസിലിങ്ങ് ചെയ്യുന്ന വ്യക്തി കാര്യങ്ങൾ തുറ

**ആത്മഹത്യ ചെയ്യുന്നവരിൽ മിക്കവരും മുമ്പേതന്നെ ആത്മഹത്യ ചെയ്യണം എന്ന് തീരുമാനിച്ച് ചെയ്യുന്നവരല്ല. അങ്ങനെയുള്ളവർ വളരെ കുറവായിരിക്കും. ആത്മഹത്യ ചെയ്യണം എന്ന് വിചാരിച്ച് നടക്കുന്നവർ മിക്കവാറും മാനസിക രോഗികളെ പോലെയുള്ളവരായിരിക്കും. അധിക ആത്മഹത്യകളും പെട്ടെന്നുണ്ടാകുന്ന ഒരു ക്ഷമകേടിൽ ചെയ്തുപോകുന്നതാണ്. ഏത് രൂപത്തിൽ ആത്മഹത്യ ചെയ്താലും നബി(സ്വ) പറയുന്നത് ആ ശിക്ഷ അവൻ കാലാകാലം നരകത്തിലും തുടരുമെന്നാണ്. നബി(സ്വ) പഠിപ്പിച്ച ഒരു പ്രാർഥന കാണുക: "ഹയ്യും (എന്നെന്നും ജീവിച്ചിരിക്കുന്നവനും) ഖയ്യൂമുമായ (എല്ലാം നിയന്ത്രിക്കുന്നവനുമായ) അല്ലാഹുവേ, നിന്റെ കാരുണ്യം മുഖേന നിന്നോട് ഞാൻ സഹായം ചോദിക്കുന്നു. എന്റെ എല്ലാ കാര്യങ്ങളും നീ നന്നാക്കിത്തരേണമേ. ഒരു കണ്ണിമവെട്ടുന്ന നേരത്തേക്ക് പോലും എന്റെ കാര്യം എന്നിലേക്ക് നീ ഏൽപിക്കരുതേ'' (ഹാകിം).**

ന്ന് പറയാൻ ആവശ്യപ്പെടുകയാണ്. മനസ്സ് തുറക്കാൻ ആളില്ലാതെയാകുമ്പോഴാണ് മനുഷ്യൻ സങ്കടപ്പെടുന്നത്. ആശ്വാസം നൽകാൻ ആരുമില്ലാത്തപ്പോഴാണ് മാനസിക വിഷമം വർധിക്കുന്നത്.

റബ്ബിനെപോലെ നമുക്ക് എല്ലാ വിഷമവും തുറന്നുപറയാൻ ആരുമില്ല. എല്ലാം അറിയുന്നവൻ അല്ലാഹുവല്ലാതെ വേറെ ആരുമില്ലല്ലൊ. ഒരു കൗൺസിലർക്കും നമ്മുടെ ഭാവിയെക്കുറിച്ചറിയില്ല. വന്നുഭവിച്ച വിഷമം ഗുണകരമോ ദോഷകരമോ എന്നും അറിയില്ല. എല്ലാം അറിയുന്ന റബ്ബിനോട് കണ്ണുനീരൊഴുക്കി പ്രയാസങ്ങൾ പറയുക. എല്ലാ ആവലാതികളും അവനിൽ സമർപ്പിക്കുക. മനുഷ്യരോട് ധാരാളം പറഞ്ഞാൽ അവർക്ക് വെറുപ്പുണ്ടാകും. പക്ഷേ, അല്ലാഹുവിന് നാം എത്രകണ്ട് ചോദിക്കുന്നുവോ, പറയുന്നുവോ അത്രകണ്ട് അത് ഇഷ്ടമാണ്.

"റബ്ബിനോടുള്ള ചോദ്യം ഒഴിവാക്കുമ്പോഴാണ് അല്ലാഹുവിന് വെറുപ്പുണ്ടാകുന്നത്. മനുഷ്യനോട് ചോദിക്കുമ്പോഴാണ് വെറുപ്പ്."

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (സൂറതുൽ ഗാഫിർ:60).

ചോദിക്കുമ്പോഴേക്കും കിട്ടിയില്ലെങ്കിൽ നാം നിരാശപ്പെട്ടുകൂടാ. പ്രാർഥനകൾക്ക് അല്ലാഹു ഉത്തരം നൽകുക മൂന്ന് രൂപങ്ങളിലായാണ്:

1) നമ്മൾ ചോദിച്ച അതേ കാര്യം തന്നെ അല്ലാഹു നമുക്ക് തരും.

2) ആ ചോദിച്ച കാര്യം തന്നെ അല്ലാഹു തന്നില്ലെങ്കിലും നമ്മുടെ ഭാവിജീവിതത്തിൽ വരാനിരിക്കുന്ന വേറെ വല്ല ബുദ്ധിമുട്ടികളും ആ ദുആ കാരണത്താൽ അല്ലാഹു നീക്കിക്കളയും.

**റബ്ബിനെപോലെ നമുക്ക് എല്ലാ വിഷമവും തുറന്നുപറയാൻ ആരുമില്ല. എല്ലാം അറിയുന്നവൻ അല്ലാഹുവല്ലാതെ വേറെ ആരുമില്ലല്ലൊ. ഒരു കൗൺസിലർക്കും നമ്മുടെ ഭാവിയെക്കുറിച്ചറിയില്ല. വന്നു ഭവിച്ച വിഷമം ഗുണകരമോ ദോഷകരമോ എന്നും അറിയില്ല. എല്ലാം അറിയുന്ന റബ്ബിനോട് കണ്ണുനീരൊഴുക്കി പ്രയാസങ്ങൾ പറയുക. എല്ലാ ആവലാതികളും അവനിൽ സമർപ്പിക്കുക. മനുഷ്യരോട് ധാരാളം പറഞ്ഞാൽ അവർക്ക് വെറുപ്പുണ്ടാകും. പക്ഷേ, അല്ലാഹുവിന് നാം എത്രകണ്ട് ചോദിക്കുന്നുവോ, പറയുന്നുവോ അത്രകണ്ട് അത് ഇഷ്ടമാണ്.**

3) അതൊന്നും കിട്ടിയില്ലെങ്കിൽ പ്രാർഥിച്ചതിനാൽ പ്രത്യേകമായൊരു പുണ്യം അവന് പരലോകത്ത് ലഭിക്കും. പ്രാർഥനക്ക് എപ്പോഴും പുണ്യമുണ്ട്. പ്രാർഥിച്ചതിന്റെ പുണ്യത്തിന് പുറമെ ചോദിച്ചതെന്താണോ അതിനുവേണ്ടി പ്രത്യേകമായ പുണ്യങ്ങൾ പരലോകത്ത് അല്ലാഹു അവന്റെ രേഖയിൽ എഴുതിവയ്ക്കും. അതുകൊണ്ട് ഒരിക്കലും ദുആക്ക് ഒരു കുറവും വരുത്തേണ്ടതില്ല.

രോഗംകൊണ്ട് കഷ്ടപ്പെടുമ്പോഴും അയ്യൂബ് നബി(അ) പ്രാർഥിച്ചത് ഇപ്രകാരമാണ്: "അയ്യൂബിനെയും (ഓർക്കുക.) തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽവച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (സൂറതുൽ അമ്പിയാഅ്:83).

രോഗസമയത്ത് ഒരു സൃഷ്ടിയോടും അദ്ദേഹം പരാതിയും സങ്കടങ്ങളും പറഞ്ഞില്ല. റബ്ബിനോട് മാത്രം പറഞ്ഞു. ഈ മാതൃക നമ്മളും പിൻപറ്റുക.

നബി(സ്വ) പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലാൻ പഠിപ്പിച്ച പ്രാർഥനയിൽ ഇങ്ങനെ കാണാം: "അല്ലാഹുവേ, ഞാൻ നിന്നോട് ഇഹലോകത്തിലെയും പരലോകത്തിലെയും ആഫിയത്തിനെ (ആരോഗ്യം) ചോദിക്കുന്നു" (അബൂദാവൂദ്).

തക്‌വക്ക് ശേഷം ഐഹിക ജീവിതത്തിൽ ഒരാൾക്ക് കിട്ടുന്ന ഏറ്റവും നല്ല അനുഗ്രഹമാണ് ആരോഗ്യം. അതുകൊണ്ടാണ് പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിച്ചത്: "നിങ്ങൾ അല്ലാഹുവിനോട് ആഫിയത്തിനെ ചോദിക്കുക" (ബുഖാരി).

നബി(സ്വ)യുടെ ചില പ്രാർഥനകൾ കാണുക: "അല്ലാഹുവേ, എന്റെ ശരീരത്തിന് നീ സുഖം നൽകേണമേ. എന്റെ കേൾവിക്കും കാഴ്ചക്കും സുഖം നൽകേണമേ. നീ അല്ലാതെ ആരാധ്യനില്ല" (അബൂദാവൂദ്).

"അല്ലാഹുവേ, വെള്ളപ്പാണ്ടിൽ നിന്ന്, ഭ്രാന്ത് പിടിപെടുന്നതിൽ നിന്ന്, കുഷ്ഠരോഗത്തിൽനിന്ന്, മോശപ്പെട്ട മാറാവ്യാധികളിൽനിന്നെല്ലാം ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു" (അഹ്മദ്).

ചുരുക്കത്തിൽ, ആരോഗ്യം ലഭിക്കുവാൻ നാം അല്ലാഹുവിനോട് പ്രാർഥിക്കണം. രോഗം വരുമ്പോൾ ചികിത്സ തേടണം, മരുന്ന് കഴിക്കണം. മരുന്നും ഒപ്പം പ്രാർഥനയും വേണം. ജീവിതത്തിലെ പ്രയാസങ്ങളിൽ അതിയായി ദുഃഖിക്കാതെ, ക്ഷമിക്കാനും സഹിക്കാനും സാധിക്കണം. സുഖ-ദുഃഖങ്ങൾ അല്ലാഹുവിൽനിന്നാണെന്നുള്ള അചഞ്ചലമായ വിശ്വാസം ഒരു വിശ്വാസിയിൽ ഉണ്ടായിരിക്കണം.

**(അവസാനിച്ചില്ല)**



# സൽപന്ഥാവ്


ഉസ്മാൻ പാലക്കാഴി

ഇഹലോക കൊതിപൂണ്ട്
മരണം നീ മറക്കല്ലെ
ഇരപകൽ സുഖം തേടി
ഗമിച്ചീടല്ലെ-മനുജാ
ഇറയോന്റെ വിളി നിന്നിൽ
അടുത്താണല്ലോ

അഹംഭാവം വെടിഞ്ഞിട്ട്
അഹദിനോടടുക്കേണം
അവനിയിൽ വിനയത്താൽ
കുനിഞ്ഞിടേണം-ഒടുവിൽ
അനർഘമാം സുബർക്കത്തിൽ
ഇടം നേടേണം

സഹജൻെറ മിഴിനീര്
തുടക്കാൻ നീ ഒരുമ്പെട്ടോ
സഹായത്തിൻ കരം നിന്നിൽ
പടച്ചോൻ നീട്ടും -ഇവിടെ
സകലർക്കും ഗുണം ചെയ്താൽ
നിനക്കാം നേട്ടം

മഹാൻമാരാം സ്വഹാബാക്കൾ
നടകൊണ്ട വഴിയുണ്ട്
മനുഷ്യാ നീ അതുകൊള്ളെ
നടന്നാലുണ്ട്, നിന്റെ
മരണത്തിൽ മലാഇകിൻ
സലാം അതുണ്ട്




# ലഹരി; ഇതാണ് മോചനത്തിന്റെ നേർവഴി

ശരീഫ് കാര
: 9495405696

ലഹരിയിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനുള്ള വഴികൾ അന്വേഷിക്കുന്നതിലും പദ്ധതികൾ ആവിഷ്കരിക്കുന്നതിലും സർക്കാരും മത, സാമൂഹിക, സാംസ്കാരിക കൂട്ടായ്മകളും സജീവമാണിന്ന്. മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിക്കുന്ന, ബുദ്ധിയെ മരവിപ്പിക്കുന്ന, കുടുംബ ശിഥിലീകരണത്തിന് കാരണമാകുന്ന, മനഃസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള കൊലപാതകങ്ങൾക്ക് വഴിയൊരുക്കുന്ന ഈ അപകടകാരിക്കെതിരിൽ സമൂഹത്തെ ബോധവൽക്കരിക്കൽ ഒരോ മനുഷ്യന്റെയും ബാധ്യതയാണ്.

എന്നാൽ ആഗ്രഹിക്കുന്നതെന്തും നേടിയെടുക്കാൻ വെമ്പൽ കൊള്ളുന്ന യുവതക്ക് മുൻപിൽ ലഹരിയുടെ ലഭ്യതക്കായി വഴികൾ തുറന്നുവച്ച് അതിനെതിരെ നടത്തുന്ന പോരാട്ടങ്ങൾ എങ്ങനെ വിജയം കാണാനാണ്? മദ്യത്തിന് അടിമപ്പെട്ടവർക്ക് അത് ലഭിക്കാതെ വന്നാൽ വിഷമദ്യത്തിലേക്ക് അവർ എത്തുകയും അത് അവരുടെ മരണത്തിലേക്ക് വഴിവെക്കുകയും ചെയ്യും എന്നതാണ് ഇതിന് ന്യായം പറയാറുള്ളത്!

പലപ്പോഴും ബോധവൽക്കരണത്തിന്റെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ ശാരീരിക, സാമൂഹിക

പ്രത്യാഘാതങ്ങളെ പറഞ്ഞ് ഭയപ്പെടുത്തി തിരികെ നടത്താനുള്ള ശ്രമങ്ങളാണ് ഉണ്ടാകാറുള്ളത്. 'ജീവിതം ഒന്നേയുള്ളൂ, അത് കളറാകണം' എന്ന് ചിന്തിക്കുകയും ഉപയോഗിച്ചാലും ഇല്ലെങ്കിലും രോഗവും മരണവും സംഭവിക്കും, പിന്നെ എന്തിന് നാം ഉപയോഗിക്കാതിരിക്കണം എന്ന് ആലോചിക്കുകയും ചെയ്യുന്ന പുതുയുവതയെ രോഗം പറഞ്ഞ് ഭയപ്പെടുത്തി തിരികെ നടത്താനാകുമോ?

ഓരോരുത്തരും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും അവരവരുടെ ധാർമികതയായി വ്യാഖ്യാനിക്കപ്പെടുകയും, അപരന്റെ അഭിമാനത്തെക്കാളും കഷ്ടനഷ്ടങ്ങളെക്കാളും തന്റെ ഇഷ്ടങ്ങൾക്ക് വില കൽപിക്കുകയും, അതിനെയെല്ലാം അവകാശങ്ങളാക്കിയെടുക്കാൻ മുറവിളി കൂട്ടുകയും ചെയ്യുന്ന ഒരു ജനതയുടെ മുന്നിൽ സാമൂഹിക പ്രത്യാഘാതങ്ങൾ പറഞ്ഞുകൊണ്ട് മാത്രം മോചനം സാധ്യമാകുമോ?

ഇവിടെയാണ് ലഹരിയിൽനിന്നുള്ള മോചനത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ പ്രസക്തമാകുന്നത്. 'നിങ്ങൾക്ക് വിരമിക്കാറായില്ലേ' എന്ന ചോദ്യത്തോട് 'ഞങ്ങൾ വിരമിച്ചിരിക്കുന്നു' എന്ന് തിരിച്ചു പറയാൻ മാത്രം ഒരു ജനതയെ പരിവർത്തിപ്പിച്ച ആ അധ്യാപനങ്ങളെ തീർച്ചയായും നാം അടുത്തറിയണം.

**പലപ്പോഴും ബോധവൽക്കരണത്തിന്റെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ ശാരീരിക, സാമൂഹിക പ്രത്യാഘാതങ്ങളെ പറഞ്ഞ് ഭയപ്പെടുത്തി തിരികെ നടത്താനുള്ള ശ്രമങ്ങളാണ് ഉണ്ടാകാറുള്ളത്. 'ജീവിതം ഒന്നേയുള്ളൂ, അത് കളറാകണം' എന്ന് ചിന്തിക്കുകയും ഉപയോഗിച്ചാലും ഇല്ലെങ്കിലും രോഗവും മരണവും സംഭവിക്കും, പിന്നെ എന്തിന് നാം ഉപയോഗിക്കാതിരിക്കണം എന്ന് ആലോചിക്കുകയും ചെയ്യുന്ന പുതുയുവതയെ രോഗം പറഞ്ഞ് ഭയപ്പെടുത്തി തിരികെ നടത്താനാകുമോ? ഓരോരുത്തരും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും അവരവരുടെ ധാർമികതയായി വ്യാഖ്യാനിക്കപ്പെടുകയും, അപരന്റെ അഭിമാനത്തെക്കാളും കഷ്ടനഷ്ടങ്ങളെക്കാളും തന്റെ ഇഷ്ടങ്ങൾക്ക് വില കൽപിക്കുകയും, അതിനെയെല്ലാം അവകാശങ്ങളാക്കിയെടുക്കാൻ മുറവിളി കൂട്ടുകയും ചെയ്യുന്ന ഒരു ജനതയുടെ മുന്നിൽ സാമൂഹിക പ്രത്യാഘാതങ്ങൾ പറഞ്ഞുകൊണ്ട് മാത്രം മോചനം സാധ്യമാകുമോ?**



അല്ലാഹുവാണ് സ്രഷ്ടാവ് എന്നും ഈ ജീവിതം അവൻ നൽകിയത് കൃത്യമായ ലക്ഷ്യത്തോടെയാണെന്നും ഇതിനപ്പുറം നന്മ-തിന്മകൾക്ക് പ്രതിഫലം നൽകപ്പെടുന്ന പാരത്രികജീവിതം വരാനുണ്ടെന്നും ഇസ്‌ലാം മനുഷ്യരെ പഠിപ്പിച്ചു. ലഹരി സ്രഷ്ടാവ് നിഷിദ്ധമാക്കിയ പൈശാചികതയാണെന്നും അതിലേക്ക് അടുക്കുകവഴി സ്രഷ്ടാവിൽനിന്നും ശ്രദ്ധതെറ്റുകയും മനുഷ്യർക്കിടയിൽ ശത്രുതയുണ്ടാവുകയും ചെയ്യുമെന്നും ക്വുർആൻ അവരെ ഉദ്ബോധിപ്പിച്ചു.

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും, അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?" (ക്വുർആൻ 5:90,91).

മാത്രമല്ല; മനുഷ്യന്റെ ബുദ്ധിയെ മറയ്ക്കുന്നതൊക്കെ മദ്യമാണെന്ന്, അത് സകല തിന്മകളുടെയും മാതാവാണെന്ന്, വലിയ തോതിൽ ഉപയോഗിച്ചാൽ ലഹരിയുണ്ടാകുന്നവയുടെ ചെറിയ അളവിലുള്ള ഉപയോഗവും നിഷിദ്ധമാണെന്ന്, സത്യവിശ്വാസിയായിക്കൊണ്ട് ഒരാൾക്ക് മദ്യപിക്കാനാവുകയില്ലെന്ന്, മദ്യപാനിയുടെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടില്ലെന്ന്, ലഹരിയുടെ ഉപയോഗം സ്വർഗപ്രവേശനത്തിന് തടസ്സമാകുമെന്ന്, നരകത്തിൽ വേദനയേറിയ ശിക്ഷക്ക് അർഹരാകുമെന്ന് റസൂൽ (സ്വ) സമൂഹത്തെ പഠിപ്പിച്ചു. ഈ സാരോപദേശങ്ങൾ ഒരു ജനതയുടെ മോചനത്തിന് വഴി തെളിച്ച

വിളക്കുമാടങ്ങളാണ്.

ലഹരി ഉപയോഗിക്കുന്നത് മാത്രമല്ല, അതിലേക്ക് വഴിവെക്കുന്ന എല്ലാ കാര്യങ്ങളും ഇസ്‌ലാം വിലക്കിയിട്ടുമുണ്ട്.

ഒരിക്കൽ ത്വാരിഖ് ഇബ്നു സുവൈദ്(റ) മദ്യത്തെപ്പറ്റി നബി(സ്വ)യോട് ചോദിച്ചു. അപ്പോൾ റസൂൽ (സ്വ) അത് നിരോധിക്കുകയും അത് ഉണ്ടാക്കുന്നതിനോട് വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹം (ത്വാരിഖ്) പറഞ്ഞു: 'ഞാൻ മരുന്നിന് വേണ്ടിയാണ് അതുണ്ടാക്കുന്നത്.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'തീർച്ചയായും അത് മരുന്നല്ല, എന്നാൽ അത് രോഗമാണ്' (മുസ്‌ലിം).

ലഹരിയോടുള്ള എല്ലാ സഹകരണത്തെയും പൂർണമായും ഇസ്‌ലാം വിലക്കിയതാണ്. നബി (സ്വ) പറഞ്ഞു: "മദ്യത്തെയും അത് കുടിക്കുന്നവനെയും കുടിപ്പിക്കുന്നവനെയും അത് ഉണ്ടാക്കുന്നവനെയും ഉണ്ടാക്കിപ്പിക്കുന്നവനെയും അത് വിൽക്കുന്നവനെയും വാങ്ങുന്നവനെയും അത് എത്തിക്കുന്നവനെയും ആരിലേക്കാണൊ എത്തിക്കുന്നത് അവനെയും അതിന്റെ വില ഭക്ഷിക്കുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു" (അഹ്മദ്).

**മനുഷ്യന്റെ ബുദ്ധിയെ മറയ്ക്കുന്നതൊക്കെ മദ്യമാണെന്ന്, അത് സകല തിന്മകളുടെയും മാതാവാണെന്ന്, വലിയ തോതിൽ ഉപയോഗിച്ചാൽ ലഹരിയുണ്ടാകുന്നവയുടെ ചെറിയ അളവിലുള്ള ഉപയോഗവും നിഷിദ്ധമാണെന്ന്, സത്യവിശ്വാസിയായിക്കൊണ്ട് ഒരാൾക്ക് മദ്യപിക്കാനുവുകയില്ലെന്ന്, മദ്യപാനിയുടെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടില്ലെന്ന്, ലഹരിയുടെ ഉപയോഗം സ്വർഗപ്രവേശനത്തിന് തടസ്സമാകുമെന്ന്, നരകത്തിൽ വേദനയേറിയ ശിക്ഷക്ക് അർഹരാകുമെന്ന് റസൂൽ (സ്വ) സമൂഹത്തെ പഠിപ്പിച്ചു. ഈ സാരോപദേശങ്ങൾ ഒരു ജനയുടെ മോചനത്തിന് വഴിതെളിച്ച വിളക്കുമാടങ്ങളാണ്.** **ലഹരി ഉപയോഗിക്കുന്നത് മാത്രമല്ല, അതിലേക്ക് വഴിവെക്കുന്ന എല്ലാ കാര്യങ്ങളും ഇസ്‌ലാം വിലക്കിയിട്ടുമുണ്ട്.**

നോക്കൂ! ഒരു മനുഷ്യൻ ലഹരിയിലേക്ക് എത്തുന്ന, സമൂഹത്തിൽ ലഹരി വ്യാപിക്കാൻ കാരണമാകുന്ന എല്ലാ വഴികളെയുമാണ് ഇസ്‌ലാം അടച്ചത്.

മേൽസൂചിപ്പിച്ച എല്ലാ നിർദേശങ്ങളും തങ്ങളുടെ സ്രഷ്ടാവിൽ നിന്നും അവതരിക്കപ്പെട്ടതാണെന്നും തതനുസൃതമായി ജീവിക്കുക എന്നത് അവനോടുള്ള അനുസരണമാണെന്നും അതിന് പ്രതിഫലം നൽകപ്പെടുന്ന ദിവസം വരുമെന്നും അനുസരണയില്ലാത്ത ജീവിതത്തിന് അന്ന് അതികഠിനമായ ശിക്ഷയുണ്ടെന്നും ബോധ്യപ്പെട്ടപ്പോൾ ലഹരി ആസ്വദിക്കാൻ അവസരങ്ങൾ ലഭിക്കുമായിരുന്നിട്ടും അതിൽനിന്ന് എല്ലാ അർഥത്തിലും അകന്ന് ജീവിക്കാൻ തയ്യാറുള്ള ഒരു ജനത പ്രവാചക കാലഘട്ടത്തിൽ പിറവിയെടുത്തു.

അതെ, സ്രഷ്ടാവിനെയും നന്മ-തിന്മകൾക്ക് പ്രതിഫലം ലഭിക്കുന്ന പരലോകത്തെയും ബോധ്യപ്പെടുത്തിയുള്ള പരിഹാര വഴികളിലൂടെ മാത്രമെ ലഹരിയിൽനിന്നും സമൂഹത്തെ പൂർണമായും മോചിപ്പിക്കാൻ കഴിയൂ. ലഹരിയിൽനിന്നു മാത്രമല്ല, ഏതു തിന്മകളിൽ നിന്നുമുള്ള മോചനത്തിന്റെ വഴി അതുതന്നെയാണ്.

ഇഹലോക ജീവിതത്തിലെ കർമങ്ങൾ വിചാരണ ചെയ്യപ്പെടുന്ന ഒരു ദിവസത്തെ ഭയന്ന് സൽകർമനിരതരായി ജീവിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്: "നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണമായി നൽകപ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുകയില്ല" (ക്വുർആൻ 2:281). .



അബ്ദുർറഹ്മാനബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 43

# അസ്സുഖ്റുഫ്

(സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَجَعَلَهَا كَلِمَةَۢ بَاقِيَةً فِى عَقِبِهِۦ لَعَلَّهُمْ
يَرْجِعُونَ ٢٨

بَلْ مَتَّعْتُ هَٰٓؤُلَآءِ وَءَابَآءَهُمْ حَتَّىٰ جَآءَهُمُ
ٱلْحَقُّ وَرَسُولٌ مُّبِينٌ ٢٩

وَلَمَّا جَآءَهُمُ ٱلْحَقُّ قَالُوا۟ هَٰذَا سِحْرٌ وَإِنَّا بِهِۦ
كَٰفِرُونَ ٣٠

وَقَالُوا۟ لَوْلَا نُزِّلَ هَٰذَا ٱلْقُرْءَانُ عَلَىٰ رَجُلٍ مِّنَ
ٱلْقَرْيَتَيْنِ عَظِيمٍ ٣١

أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم
مَّعِيشَتَهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ
فَوْقَ بَعْضٍ دَرَجَٰتٍ لِّيَتَّخِذَ بَعْضُهُم بَعْضًا
سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ
٣٢

28. അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു.

29. അല്ല, ഇക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും ഞാൻ ജീവിതസുഖം നൽകി. സത്യസന്ദേശവും വ്യക്തമായി വിവരിച്ചുകൊടുക്കുന്ന ഒരു ദൂതനും അവരുടെ അടുത്ത് വരുന്നതുവരെ.

30. അവർക്ക് സത്യം വന്നെത്തിയപ്പോഴാകട്ടെ അവർ പറഞ്ഞു: ഇതൊരു മായാജാലമാണ്. തീർച്ചയായും ഞങ്ങൾ അതിൽ വിശ്വാസമില്ലാത്തവരാകുന്നു.

31. ഈ രണ്ട് പട്ടണങ്ങളിൽനിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെമേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു.

32. അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റുചിലരെക്കാളുപരി നാം പലപടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം.

28). (അതിനെ ആക്കുകയും ചെയ്തു)ആരാധന അല്ലാഹുവിന് മാത്രമാക്കുകയും മറ്റുള്ളവയെ ആരാധിക്കാതിരിക്കുകയും ചെയ്തു. എന്നാൽ മുഴുവൻ കാര്യങ്ങളുടെയും അടിത്തറയും മാതാവുമായ പ്രശംസനീയ കാര്യം (അതിനെ അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു). അതായത് അദ്ദേഹത്തിന്റെ സന്തതികളിൽ. (അവർ ആയിത്തീരാൻ വേണ്ടി) അതിലേക്ക്. (മടങ്ങുന്നവർ) അതിന്റെ പ്രശസ്തികൊണ്ടും തന്റെ മക്കളോട് ഉപദേശിച്ച കാര്യവും മക്കൾ അവരുടെ മക്കളോട് ഉപദേശിച്ച കാര്യവും ഇസ്ഹാകും യഅ്ക്വൂബും ചെയ്തതുപോലെ. അല്ലാഹു പറയുന്നു:

وَمَن يَرْغَبُ عَن مِّلَّةِ إِبْرَٰهِـۧمَ إِلَّا مَن سَفِهَ نَفْسَهُۥ

"സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തിൽ വിമുഖത കാണിക്കുക"(2:130).

29) അക്രമത്തിലേക്കും ആഡംബര ജീവിതത്തിലേക്കും അദ്ദേഹത്തിന്റെ സന്താനപരമ്പര പ്രവേശിക്കുന്നതുവരെ ഈ തൗഹീദിന്റെ വചനം അവരിൽ നിലനിന്നുകൊണ്ടേയിരുന്നു. (അല്ല, ഇക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും ഞാൻ ജീവിതസുഖം നൽകി) വ്യത്യസ്തമായ ദേഹേച്ഛകൾ. അവസാനം അത് അവരുടെ പ്രധാന ലക്ഷ്യമായിത്തീർന്നു. അവയോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ പരിപോഷിപ്പിക്കപ്പെട്ടു. അങ്ങനെ അത് അവരുടെ അടിസ്ഥാന വിശ്വാസവും പ്രത്യേകതയും ആയിത്തീർന്നു. (സത്യസന്ദേശം അവർക്കെത്തുന്നതുവരെ) സംശയമോ ആശയക്കുഴപ്പങ്ങളോ ഇല്ലാത്ത. (വ്യക്തമായി വിവരിച്ചുകൊടുക്കുന്ന ഒരു ദൂതനും) അദ്ദേഹം ആ സന്ദേശം അവർക്ക് വിശദീകരിച്ചുകൊടുക്കുകയും അത് സത്യമാണെന്നതിന് സ്വഭാവത്തിലൂടെയും അമാനുഷിക ദൃഷ്ടാന്തങ്ങളിലൂടെയും വ്യക്തമായ തെളിവും സ്ഥാപിച്ചുനൽകി. മറ്റു പ്രവാചകന്മാർ തന്റെ പ്രബോധനത്തെ സത്യപ്പെടുത്തിയതിലൂടെയും അതിനെ സ്ഥാപിച്ചു.

30). (അവർക്ക് സത്യം വന്നെത്തിയപ്പോഴാകട്ടെ) ഏറ്റവും കുറഞ്ഞ മതബോധവും ബുദ്ധിയും ഉള്ളവനുപോലും സ്വീകരിച്ചു കീഴ്പ്പെടാവുന്ന സത്യം. (അവർ പറഞ്ഞു: ഇതൊരു മായാജാലമാണ്. തീർച്ചയായും ഞങ്ങളതിൽ വിശ്വാസമില്ലാത്തവരാകുന്നു) ഈ വാക്ക് ഏറ്റവും വലിയ ധിക്കാരവും തർക്കവുമാണ്. സത്യത്തെ നിരാകരിക്കുന്നതുകൊണ്ട് മതിയാക്കാതെ അതിനെ നിഷേധിക്കുക കൂടിയാണിവിടെ. നീചമായൊരു ആരോപണം ഉന്നയിക്കാതെ അവർ സംതൃപ്തരായില്ല. മനുഷ്യരിൽ ഏറ്റവും വലിയ നീചനും വ്യാജവാദിയുമല്ലാതെ ചെയ്യാത്ത നിരർഥകമായ മാരണത്തിന്റെ സ്ഥാനത്താണ് അവർ പ്രവാചകസന്ദേശത്തെ നിർത്തിയത്. അല്ലാഹു അവർക്കും അവരുടെ പിതാക്കൾക്കും നൽകിയ സുഖലോലുപതയല്ലാതെ മറ്റൊന്നുമല്ല അവരെ ഈ ധിക്കാരത്തിന് പ്രേരിപ്പിച്ചത്.

31). (അവർ പറഞ്ഞു) അവരുടെ പിഴച്ച ചിന്തകൾകൊണ്ട് അവർ അല്ലാഹുവിന്റെ മേൽ ആരോപിച്ചു. (ഈ രണ്ട് പട്ടണങ്ങളിൽനിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല?) അവർക്ക് ആദരണീയരും മഹത്തുക്കളുമായ മക്കക്കാരിലും ത്വാഇഫുകാരിലും പെട്ട വലീദുബ്നു മുഗീറയെപ്പോലുള്ള മഹത്തുക്കൾക്ക്.

32). അവരുടെ ആരോപണങ്ങൾക്ക് അല്ലാ ഹു മറുപടി പറയുന്നു: അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? അവരാണോ അല്ലാഹുവിന്റെ ഖജനാവിന്റെ സൂക്ഷിപ്പുകാർ? അവരുടെ കൈകളിലാണോ അതിന്റെ കൈകാര്യകർതൃത്വം? എന്നിട്ട് അവർ ഉദ്ദേശിച്ചവർക്ക് പ്രവാചകത്വം നൽകുകയും ചെയ്യുക; അല്ലെങ്കിൽ നൽകാതിരിക്കുക! (നാമാണ് ഐഹിക ജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പ ങ്കുവെച്ചുകൊടുക്കുന്നത്. അവരിൽ ചിലരെ ചിലർക്ക് കീഴാളരാക്കിവെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു) അതായത് ഈലോക ജീവിതത്തിൽ. എന്നാൽ അല്ലാഹുവിന്റെ കരുണ; (നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം).

ഇഹലോകത്ത് മനുഷ്യരുടെ ജീവിതമാർഗവും ഐഹികമായ ഉപജീവനവും എല്ലാം അല്ലാഹുവിന്റെ കൈകളിലാണ്. അവനത് തന്റെ ദാസന്മാർക്കിടയിൽ വീതിക്കുന്നു. അവന്റെ യുക്തിയുടെ താൽപര്യപ്രകാരം അവൻ ഉദ്ദേശി ക്കുന്നവർക്കത് വിശാലമാക്കുകയും കുടുസ്സാക്കുകയുമെല്ലാം ചെയ്യുന്നു. എന്നാൽ മതപരമായ അനുഗ്രഹം-അതിലേറ്റവും ഉത്തമം പ്രവാചകത്വമാണ്-അത് എന്തായാലും അല്ലാഹുവിന്റെ പക്കൽതന്നെയാണല്ലോ. അതിനാൽ അതാർക്ക് നൽകണമെന്ന് അവനാണേറ്റവും അറിയുന്നവൻ. അപ്പോൾ വ്യക്തമാണ്, അവരുടെ ആരോപണം നിലനിൽക്കാത്തതും അനാവശ്യവുമാണെന്ന്. മതപരവും ഭൗതികവുമായ എല്ലാ കാര്യങ്ങളുടെയും കൈകാര്യകർതൃത്വം അല്ലാഹുവിന്നാണെന്ന് അവർക്ക് പറയാൻ അധികാരമില്ലാത്ത ഒരാരോപണത്തിൽ അവർക്ക് വീഴ്ചപറ്റിയിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തു



കയാണ് ഇവിടെ. ഇത് അവരിൽനിന്നുള്ള അക്രമവും സത്യത്തെ നിരാകരിക്കലുമാണ്.

അവർ പറഞ്ഞത്: (ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലുമൊരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല?) ഒരാൾക്ക് അല്ലാഹുവിന്റെയും മനുഷ്യരുടെയും അടുക്കൽ ഉന്നതസ്ഥാനം ലഭിക്കുന്നതിന്റെയും ഒരാളുടെ മഹത്ത്വം നിർണയിക്കാനുള്ള ഗുണവിശേഷണങ്ങളും അവർക്കറിയാമായിരുന്നെങ്കിൽ, മുഹമ്മദുബ്നു അബ്ദുല്ലാഹിബ്നു അബ്ദുൽമുത്വലിബാണ് ആളുകളിൽ ഏറ്റവും മഹത്ത്വമുള്ളവനും അഭിമാനിയും ബുദ്ധിമാനും പണ്ഡിതനും അഭിപ്രായ തീരുമാനങ്ങളിൽ മഹാനും ഉന്നത സ്വഭാവിയും കരുണയുള്ളവനും ധർമനിഷ്ഠ പാലിക്കുന്നവനും എന്നവർക്ക് മനസ്സിലാക്കാമായിരുന്നു. പൂർണതയുടെ അച്ചുതണ്ടാണദ്ദേഹം; എല്ലാ മാനുഷിക ഗുണങ്ങളുടെ പരമാവധിയും. അറിയണം. അദ്ദേഹം എല്ലാ നിലക്കും ലോക പുരുഷനാണ്, അത് അദ്ദേഹത്തിന്റെ ശത്രുക്കൾക്കും മിത്രങ്ങൾക്കുമറിയാം; അഹങ്കാരികൾക്കും വഴിതെറ്റിയവരുമല്ലാത്തവർക്കെല്ലാം. അദ്ദേഹത്തിന്റെ പൂർണതയുടെ ഒരംശത്തിന്റെ ഗന്ധംപോലുമില്ലാത്തവന് മുശ്‌രിക്കുകൾ മഹ ത്ത്വം കൽപിക്കുന്നത് എങ്ങനെ?

അവന്റെ പാപത്തിന്റെയും അറിവില്ലായ്മയുടെയും ആഴം അവന് നൽകാനോ തടുക്കാനോ ഉപദ്രവിക്കാനോ ഉപകാരം ചെയ്യാനോ കഴിയാത്ത കല്ലിനെയും മരത്തെയും ബിംബത്തെയും അല്ലാഹുവിലേക്ക് അടുപ്പിക്കാനുള്ള ആരാധ്യനാക്കി ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു എന്നതാണ്. ആ 'ദൈവ'മാകട്ടെ, ആരാധിക്കുന്നവർക്കുതന്നെ ഒരു ഭാരമാണ്. അവന് വേണ്ടതു ചെയ്തുകൊടുക്കാൻ ആളു വേണം. ഇത് ചെയ്യുന്നവൻ ഷണ്ഡനും ഭ്രാന്തനുമല്ലേ? ഇവനെയെങ്ങനെ മഹാനായിക്കാണും; ആദം സന്തതികളുടെ നേതാവും അന്ത്യപ്രവാചകനുമായവനെക്കാൾ? എന്നാൽ സത്യനിഷേധികൾ ചിന്തിക്കുന്നില്ല.

ഇഹലോകത്ത് ചിലരെ ചിലരെക്കാൾ ശ്രേഷ്ഠരായുള്ളവരാക്കുന്നതിന്റെ യുക്തി ഈ വചനത്തിൽ ഉണർത്തുന്നുണ്ട്. (അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം) തെളിവുകളിലും ജോലികളിലും ചിലർ ചിലരെ വിധേയരാക്കാൻ. എല്ലാവരും സമ്പത്തിൽ തുല്യരാണെങ്കിൽ ആരും ആരോടും ഒന്നും ആവശ്യപ്പെടില്ല. അങ്ങനെ ധാരാളം നന്മകളും പ്രയോജനങ്ങളും ഇല്ലാതാവും. ഇതിൽനിന്ന് വ്യക്തമാകുന്ന മറ്റൊരു കാര്യം മതപരമായ അനുഗ്രഹം ഭൗതികാനുഗ്രഹത്തെക്കാൾ ഉത്തമമാണ് എന്നതാണ്.

قُلْ بِفَضْلِ ٱللَّهِ وَبِرَحْمَتِهِۦ فَبِذَٰلِكَ فَلْيَفْرَحُوا۟ هُوَ
خَيْرٌ مِّمَّا يَجْمَعُونَ ﴿٥٨﴾

"പറയുക, അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടും കാരുണ്യംകൊണ്ടുമാണത്. അതുകൊണ്ടവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാ ൾ ഉത്തമമായിട്ടുള്ളത്" (10:58).

## തിരുത്ത്

2022 ഒക്ടോബർ 29ലെ നേർപഥം വാരികയിൽ ഡോ. ടി.കെ യൂസുഫ് എഴുതിയ 'ഇതരമതസ്ഥരോടുള്ള സമീപനം: ഇസ്‌ലാമിക ചരിത്രത്തിലെ മഹനീയ മാതൃകകൾ' എന്ന ലേഖനത്തിൽ നജ്റാനിൽനിന്ന് വന്ന ക്രിസ്ത്രീയ നിവേദക സംഘത്തിന് പ്രവാചകന്റെ പള്ളിയിൽ പ്രാർഥിക്കാൻ സൗകര്യമൊരുക്കിക്കൊടുത്തതായുള്ള റിപ്പോർട്ട് വന്നിട്ടുണ്ട്. മേൽ സംഭവം ദുർബലമായ സനദോടുകൂടി വന്നതാണ്. സൂക്ഷ്മവായനയിൽ ശ്രദ്ധയിൽപെടാതെ പോയതാണ്. തെറ്റ് ചൂണ്ടിക്കാണിച്ചവർക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ. അബദ്ധം വന്നതിൽ ഖേദിക്കുന്നു. മാന്യവായനക്കാർ തിരുത്തി വായിക്കുമല്ലോ.

**- എഡിറ്റർ**




# ചേലാകർമത്തിന്റെ ശാസ്ത്രീയതയും ഗുണഫലങ്ങളും

**ജൗസൽ സി.പി**

:+971 50 957 5064

ആമുഖമായി ചില കാര്യങ്ങൾ ഓർമപ്പെടുത്തുന്നു. മുസ്‌ലിംകൾ ചേലാകർമം ചെയ്യുന്നത് അതിന്റെ ശാസ്ത്രീയത കണ്ടിട്ടല്ല; അല്ലാഹുവിന്റെ പ്രവാചകൻ (സ്വ) അതൊരു പുണ്യകർമമായി പഠിപ്പിച്ചു എന്നതുകൊണ്ടാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാം ചെയ്യാൻ കൽപിച്ച ഒരു കാര്യം ശാസ്ത്രീയമാണോ അല്ലേ എന്നുള്ള ചർച്ചപോലും മുസ്‌ലിംകൾക്ക് പ്രസക്തമല്ല. ശാസ്ത്രീയമാണെങ്കിലും അല്ലെങ്കിലും മുസ്‌ലിംകൾ ആ കാര്യം ചെയ്യും. ഇസ്‌ലാം ചെയ്യരുതെന്ന് വിലക്കിയ കാര്യം പരമാവധി ചെയ്യാതിരിക്കാൻ ശ്രമിക്കും. അത്രയേ ഉള്ളൂ. ദൈവിക കൽപനകൾ ചോദ്യം ചെയ്യാതെ അനുസരിക്കുന്നവനാണ് മുസ്‌ലിം. അവർ മദ്യപിക്കാതിരിക്കുന്നത് മദ്യത്തിന്റെ ആരോഗ്യപരമായ ദൂഷ്യഫലങ്ങൾ പേടിച്ചിട്ടല്ല; മദ്യപിക്കരുത് എന്ന് ഇസ്‌ലാം കൽപിക്കുന്നതുകൊണ്ടാണ്.

ഇസ്‌ലാമിലെ കൽപനകളും നിരോധനങ്ങളുമെല്ലാം സ്രഷ്ടാവിന്റേതായതുകൊണ്ട് തന്നെ ആത്യന്തികമായി അവയെല്ലാം മനുഷ്യന് ഈ ലോകത്തും പരലോകത്തും നന്മ മാത്രം നൽകുന്നതായിരിക്കും എന്നതിൽ സംശയമില്ല.

ചേലാകർമം പലതരം ഗുണങ്ങളുള്ള കാര്യമായാണ് വൈദ്യശാസ്ത്രം പരിചയപ്പെടുത്തുന്നത്. അമേരിക്കൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് ചേലാകർമം ധാരാളം ഗുണങ്ങളുള്ള ഒന്നായി വിലയിരുത്തുന്നു. ലോകപ്രശസ്തമായ, അമേരിക്കയിലെ Mayo clinic ചേലാകർമത്തിന്റെ ഗുണഫലങ്ങൾ രേഖപ്പെടുത്തിയത് ഇങ്ങനെയാണ്:

1. എളുപ്പത്തിൽ വൃത്തിയാക്കാം. പഴുപ്പിനും അണുബാധയ്ക്കുമുള്ള സാധ്യതകൾ വളരെ കുറയുന്നു.
2. മൂത്രപഴുപ്പിനും അതുവഴി കിഡ്നി ഇൻഫെക്ഷനും ഉള്ള സാധ്യത വളരെ കുറയുന്നു.
3. എച്ച്ഐവി അടക്കമുള്ള ലൈംഗിക രോഗങ്ങൾ ലഭിക്കാനുള്ള സാധ്യത കുറയുന്നു.
4. ഫൈമോസിസ് അഥവാ ലിംഗാഗ്രചർമം ലിംഗമകുടത്തിന്റെ താഴേക്ക് നീക്കാൻ കഴിയാത്ത രീതിയിൽ കുടുങ്ങുന്ന പ്രശ്നം ഇല്ലാതാവുന്നു.
5. പുരുഷന്മാരിലെ ലിംഗത്തിലെ ക്യാൻസർ സാധ്യത ഇല്ലാതാകുന്നു.
6. ചേലാകർമം ചെയ്ത പുരുഷന്മാരുടെ പങ്കാളികളായ സ്ത്രീകളിൽ സർവിക്കൽ ക്യാൻസർ സാധ്യത കുറയുന്നു

ചേലാകർമം ഒരിക്കലും പ്രത്യുൽപാദനശേഷിയെ ബാധിക്കുകയില്ല എന്നും ലൈംഗികാസ്വാദനത്തിന് വ്യത്യാസങ്ങൾ ഒന്നും ഉണ്ടാവില്ല എന്നും Mayo clinic വ്യക്തമാക്കുന്നു.

ലോകാരോഗ്യ സംഘടന (WHO) എയ്ഡ്സിനു കാരണമാകുന്ന എച്ച്ഐവി അണുബാധ തടയുവാനായി ചേലാകർമം ശുപാർശ ചെയ്യുന്നു. 2007 മുതൽ ആരംഭിച്ച ബൃഹത്തായ ഒരു പദ്ധതിയാണിത്. പ്രായപൂർത്തിയായ പുരുഷന്മാരെ കൗൺസിലിംഗ് നടത്തി ചേലാകർമത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി സ്വമേധയാ ചേലാകർമത്തിന് സന്നദ്ധരാക്കുകയും സൗജന്യമായി അത് നടത്തിക്കൊടുക്കുകയും ചെയ്യുന്ന ഈ പദ്ധതി അറിയപ്പെടുന്നത് voluntary medical male circumcision (VMMC) എന്നാണ്. എയ്ഡ്സ് വലിയതോതിൽ ബാധിച്ച ആഫ്രിക്കൻ വൻകരയിലാണ് ഈ പ്രോഗ്രാം നടക്കുന്നത്. സമയാസമയങ്ങളിൽ ഈ പ്രോഗ്രാമിന്റെ കൃത്യമായ വിവരങ്ങൾ WHO പുറത്തു വിടാറുണ്ട്. 2020 ഓഗസ്റ്റ് 17ന് അവസാനം പുറത്തുവിട്ട റിപ്പോർട്ട് വായിക്കാൻ ലോകാരോഗ്യ സംഘടനയുടെ ഈ വെബ്സൈറ്റ് ലിങ്ക് ക്ലിക്ക് ചെയ്താൽ മതി.https://www.who.int/publications/i/item/978-92-4-000854-0

ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ എയ്ഡ്സ് മഹാമാരിക്കെതിരെ ലോകരാജ്യങ്ങൾ ഒരുമിച്ച് പൊരുതുന്ന United Nations Programme on HIV/AIDS (UNAIDS) ഉം ലോകാരോഗ്യ സം

ഘടനയും സംയുക്തമായിട്ടാണ് ഈ പരിപാടി നടത്തുന്നത്. ഇതുവരെ രണ്ടരക്കോടിയിലധികം പുരുഷന്മാർ ഈ പദ്ധതിയിലൂടെ ചേലാകർമം നടത്തിയിട്ടുണ്ട്. ചേലാകർമത്തിലൂടെ എയ്ഡ്സ് 60-70 ശതമാനത്തോളം തടയാനായിട്ടുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.https://www.unaids.org/en/resources/presscetnre/featurestories/2019/october/20191021 vmmc

ചേലാകർമത്തിലൂടെ എയ്ഡ്സ് മാത്രമല്ല, മറ്റനേകം ലൈംഗിക രോഗങ്ങളും വളരെയധികം കുറയുന്നു എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്.Human papillomavirus, Chlamydiat rachomatis Trichomonas vaginalis, Herpes simplex virus എന്നിങ്ങനെയുള്ള ഗുഹ്യരോഗങ്ങളും പുരുഷന്മാരുടെ ലിംഗ ക്യാൻസറും ചേലാകർമം ചെയ്ത പുരുഷന്മാരിൽ വളരെ കുറവാണ്. മാത്രമല്ല ചേലാകർമം ചെയ്യുന്ന പുരുഷന്മാരുടെ പങ്കാളികളായ സ്ത്രീകളിൽ ലൈംഗികരോഗങ്ങളും ഗർഭാശയ ക്യാൻസറും വളരെ കുറവാണ് എന്നാണ് ലോകാരോഗ്യസംഘടനയുടെ പഠനത്തിൽ കാണുന്നത്.

ചേലാകർമം പുരുഷന്മാരുടെ ജീവിതപങ്കാളികളായ സ്ത്രീകളെയും ക്യാൻസറുകളിൽനിന്നും ലൈംഗികരോഗങ്ങളിൽനിന്നും സംരക്ഷിക്കുന്നു. ഇന്ത്യയിൽ സ്ത്രീകൾക്കുണ്ടാകുന്ന ക്യാൻസറുകളിൽ രണ്ടാം സ്ഥാനത്തുള്ളത് ഗർഭാശയമുഖ ക്യാൻസർ അഥവാ സെർവൈകൽ കാൻസറാണ്. ഒരുവർഷം ഇന്ത്യയിൽ ഒരു ലക്ഷത്തോളം സ്ത്രീകൾക്ക് പുതുതായി ഈ ക്യാൻസർ കണ്ടുപിടിക്കപ്പെടുന്നുണ്ട്. അറുപതിനായിരത്തിലധികം മരണങ്ങളും ഒരുവർഷം ഗർഭാശയമുഖ ക്യാൻസർ ബാധിച്ച് ഇന്ത്യയിൽ നടക്കുന്നുണ്ട്. ചിലതരം ഹ്യൂമൻ പാപ്പിലോമാ വൈറസുകളാണ് ഈ ക്യാൻസറിന് കാരണം. ചേലാകർമം ചെയ്ത പുരുഷന്മാരുടെ

**ലോകാരോഗ്യസംഘടനയും ഐക്യരാഷ്ട്ര സഭയുമൊക്കെ ഇങ്ങനെ കഷ്ടപ്പെട്ട് ശതകോടികൾ ചെലവഴിച്ച് ചേലാകർമത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് യാതൊരുവിധ ശാസ്ത്രബോധവും അന്തവുമില്ലാത്ത കൂപമണ്ഡൂകങ്ങളായ കേരളത്തിലെ 'സ്വതന്ത്ര ചിന്തകർ' പലപ്പോഴും ചേലാകർമത്തെ പരിഹസിക്കുന്നത് എന്നത് അവരുടെ ശാസ്ത്രബോധമില്ലായ്മയും അന്ധമായ ഇസ്ലാം വിരോധവും മാത്രമാണ് വെളിവാക്കുന്നത്.**

പങ്കാളികളായ സ്ത്രീകളിൽ ഈ ക്യാൻസറിന് സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് 82 ശതമാനം കുറവാണ്. അന്താരാഷ്ട്ര മെഡിക്കൽ പ്രസിദ്ധീകരണമായ ലാൻസെറ്റ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് വായിക്കാം:https://www.thelancet.com/journals/langlo/article/PIIS2214-109X(17)30386-8/fulltext

ക്യാൻസറിനു പുറമെ സ്ത്രീകളിലെ ലൈംഗികരോഗങ്ങളായ Chlamydiat rachomatis 79%, kn nenkv 59%, Trichomonas vaginalis 58 എന്നിങ്ങനെ ചേലാകർമം ചെയ്ത പുരുഷന്മാരുടെ പങ്കാളികളായ സ്ത്രീകളിൽ കുറവ് രേഖപ്പെടുത്തുന്നതായി ലാൻസെറ്റ് ലേഖനത്തിൽ പറയുന്നു: HSVtype 2, ഗോണോറിയ, vaginal candidiasis തുടങ്ങിയ ലൈംഗികരോഗങ്ങളും കുറവാണ്.

ലാൻസെറ്റ് പറയുന്ന മറ്റൊരു പ്രധാന പോയിന്റ് ഇതാണ്: Most studies, including an RCT have noted that women generally favour male circumcision for aesthetic reasons, sexual pleasure, vaginal penteration, hygiene, and reduced infection risk. അഥവാ "ഒരു റാൻഡമൈസ്ഡ് കൺട്രോൾ സ്റ്റഡി അടക്കം പല പഠനങ്ങളും സൂചിപ്പിക്കുന്നത് സ്ത്രീകൾക്ക് പൊതുവെ താൽപര്യം ചേലാകർമം ചെയ്ത ലിംഗത്തോടാണ് എന്നതാണ്. വശ്യതയിലും ലൈംഗിക സുഖം നൽകുന്നതിലും യോനി പ്രവേശനത്തിലും വൃത്തിയിലും അണുബാധയുടെ സാധ്യതക്കുറവിലുമെല്ലാം മികച്ചുനിൽക്കുന്നത് ചേലാകർമം ചെയ്ത ലിംഗമാണ് എന്നാണ് സ്ത്രീകളിൽ നടത്തിയ പഠനം തെളിയിക്കുന്നത്."

Pubmedൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ സൂചിപ്പിക്കുന്നത് 77 ശതമാനം സ്ത്രീകളും താൽപര്യപ്പെടുന്നത് ചേലാകർമം ചെയ്ത പുരുഷന്മാരെയാണ് എന്നാണ്.

മുസ്ലിം സ്ത്രീകളിൽ ഗർഭാശയ മുഖ ക്യാൻസർ വളരെ കുറവാണ് എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. മുസ്ലിം പുരുഷന്മാർ ചേലാകർമം ചെയ്യുന്നതാണ് ഒരു പ്രധാന കാരണം.

ഐക്യരാഷ്ട്ര സംഘടനയും ലോകാരോഗ്യ സംഘടനയും ബിൽഗേറ്റ്സ് മെലിറ്റ ഫൗണ്ടേഷനുമെല്ലാം കോടിക്കണക്കിന് ഡോളറുകൾ ചെലവഴിച്ചാണ് ചേലാകർമത്തിന്റെ ഗുണഫലങ്ങൾ ബോധ്യപ്പെടുത്തി, ഇതുവരെ 25 മില്യൺ ജനങ്ങളെ ചേലാകർമം ചെയ്യിച്ചത്. മതപരമായ കാരണങ്ങളാൽ ചെറുപ്രായത്തിൽ തന്നെ ചേലാകർമം ചെയ്യുന്നവരാണ് മുസ്ലിംകളും ജൂതന്മാരും എന്നതിനാൽതന്നെ ഈ പറഞ്ഞ VMMC പ്രോഗ്രാമിലൂടെ ഇതുവരെ ചേലാകർമം ചെയ്ത രണ്ടര കോടി ജനങ്ങൾ മറ്റു മതസ്ഥർ ആവാനാണ് സാധ്യത.

ലോകാരോഗ്യസംഘടനയും ഐക്യരാഷ്ട്ര സഭയുമൊക്കെ ഇങ്ങനെ കഷ്ടപ്പെട്ട് ശതകോടികൾ ചെലവഴിച്ച് ചേലാകർമത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് യാതൊരുവിധ ശാസ്ത്രബോധവും അന്തവുമില്ലാത്ത കൂപമണ്ഡൂകങ്ങളായ കേരളത്തിലെ 'സ്വതന്ത്ര ചിന്തകർ' പലപ്പോഴും ചേലാകർമത്തെ പരിഹസിക്കുന്നത് എന്നത് അവരുടെ ശാസ്ത്രബോധമില്ലായ്മയും അന്ധമായ ഇസ്ലാം വിരോധവും മാത്രമാണ് വെളിവാക്കുന്നത്. ■




# വൃദ്ധസദനം

തെസ്ന വീരാൻ

അന്നു നിൻ കുഞ്ഞുവിരലുകൾ തഴുകി,
ഇന്നു ചുക്കിച്ചുളിഞ്ഞ ഈ കൈകളാൽ.
നിന്നെ ചുമന്നു ഞാനെത്ര നടന്നതാ-
ണിക്കൈകളിലിട്ടതൊക്കെ മറന്നുവോ?
നിൻ ബാല്യക്കുസൃതികൾ ഓർമയിലെത്തുന്നു,
നിൻ സ്നേഹവിളികളെൻ കാതിൽ അലയ്ക്കുന്നു.
ആനയായ് നീയെന്നെ സങ്കൽപിച്ചതും പിന്നെ
ആനപ്പുറത്തേറി സവാരി നീ ചെയ്തതും,
എന്തിനുമേതിനും എന്നെത്തിരഞ്ഞതും
എൻ നെഞ്ചിലൊട്ടിക്കിടന്നെന്റെ താരാട്ടു
പാട്ടു കേട്ടങ്ങനെ നീയുറങ്ങിയതും,
ഒക്കെയും മറന്നെങ്കിലും മോനേ, ഞാൻ
ഒന്നും മറന്നില്ല, കഴിയില്ലതിനൊട്ടും!
ഇന്നെന്നെ തൊടുന്നതുപോലും അറപ്പുള്ള
കാര്യമായ് മാറി നിനക്കെന്നറിവൂ ഞാൻ!
നിൻ ബാല്യവികൃതികളേറെ സഹിച്ച എൻ
വാർധക്യ ചാപല്യം നിനക്കിന്നു ശല്യമോ?
വിറകൊള്ളുമീ കൈകളൊന്നു പിടിക്കുവാൻ
പോലും അറയ്ക്കുവാനെന്താണ് ഹേതു?
വണ്ടിയിൽ കേറ്റി നീ എന്നെയെങ്ങോട്ടാണ്
കൊണ്ടുപോകുന്നതെന്നു പറയാമോ?
രൂക്ഷമാം നോട്ടം മാത്രമോ ഉത്തരം,
അക്ഷരമൊന്നും ഉരിയാടുകില്ലേ?
ഏതോ ഒരു കെട്ടിടത്തിന്റെ മുന്നിലായ്
വണ്ടി നിറുത്തവെ ഉള്ളൊന്നു കാളിയോ?
മകനെയാദ്യാക്ഷരം ചൊല്ലിപ്പഠിപ്പിച്ച
ചുണ്ടുകൾ വിറയാർന്ന സ്വരമാലെ വായിച്ചു:
'വൃദ്ധ സദനം,' പിന്നെയാ കണ്ണുകൾ
കണ്ണുനീർ പെയ്ത്തിനാൽ മൂടുകയായ്!

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്:
₹860

മൂന്ന് വാല്യങ്ങൾ



# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 NOVEMBER 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,
ഏഴാം
വയസ്സിലേക്ക്...

7




ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ: ₹624

പ്രചാരണ
മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

പ്രചാരണ മാസം
2022 നവംബർ: 10 - ഡിസംബർ: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com